Vol. XVI. ൧൧൧൧ മേടം. No. VII.

തിരുവിതാംകൂർ കൃഷിവ്യവസായമാസിക

The Travancore Economic Journal.

തിരുവിതാംകൂർ എക്കണോമിക്ക് ഡെവലപ്പ്മെൻറ്
ബോർഡിൻെറ മേൽനോട്ടത്തിൽ
777-ാംനമ്പർ സമസ്തതിരുവിതാംകൂർ പരസ്പരസഹായ
ഇൻസ്റ്റിററ്യൂട്ടിൽനിന്ന് പ്രസിദ്ധപ്പെടുത്തുന്നത്.

വാഷികവരിസംഖ്യ മുൻകൂർ 2 ബ്രി. രൂപാ.

വിഷയവിവരം.

തിരുവിതാംകൂർ
കൃഷിവ്യവസായ മാസിക.

വാല്യം 16 | തിരുവനന്തപുരം, 1111 മേടം. | ലക്കം 7

തിരുവിതാംകൂറിന് ഒരു ഗ്രാമോദ്ധാരണപദ്ധതി.

(മി: ജി. ആർ. പിള്ള; ബി. എ., ബി. എൽ.)

തിരുവിതാംകൂറിൽ, ഗ്രാമങ്ങളെ സംബന്ധിച്ചുള്ള പ്രശ്നം പ്രധാനമായും സാമ്പത്തികമാണ്. ഇവിടത്തെ അഭ്യസ്തവിദ്യരുടെ പ്രശസ്തമായ ശതമാനവും (സംഖ്യ) ചിന്നിച്ചിതറിയുള്ള താമസസമ്പ്രദായവും പരിഗണിക്കുമ്പോൾ തിരുവിതാംകൂർ ഇൻഡ്യയുടെ ഇതരഭാഗങ്ങളിലെ ഗ്രാമങ്ങളിൽനിന്നും സ്പഷ്ടമായും വ്യത്യസ്തമാണ്. അതിനാൽ പഞ്ചാബ്, ബങ്കാൾ, ബാംബെ, മററു ബ്രിട്ടീഷ്ഇന്ത്യൻപ്രവിശ്യകൾ, ബറോഡ എന്നിവിടങ്ങളിൽ ഗ്രാമോദ്ധാരണപ്രവൎത്തനത്തിൻെറ ആദ്യപടിയായി വിദ്യാഭ്യാസത്തിലും സാനിറേറഷനിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കെ, ഇവിടെ, തിരുവിതാംകൂറിൽ സാമ്പത്തികമായ സ്വയം സമ്പൂൎത്തിക്കും (സെൽഫ്സഫിഷൻസി), പൌരബോധവികാസത്തിനും (സിവിക്ക് സെൻസ്) ആയി നാം നമ്മുടെ ശ്രദ്ധ കേന്ദ്രീഭവിപ്പിക്കണമെന്നാണ് എൻെറ അഭിപ്രായം. ഈ ആദൎശം മുൻപിൽ വച്ചുകൊണ്ടാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളതു്.

"തിരുവിതാംകൂറിൽ സംഘടിതമായ (തൊട്ടുതൊട്ടുള്ള) ഗ്രാമങ്ങളുടെ അഭാവം ഗ്രാമീണസംഘടനകളുടെ സൃഷ്ടിക്കു വിഘാതമായിരുന്നിട്ടില്ല. വളരെ പ്രാരംഭകാലം മുതൽക്കേ (ആദ്യകാലംമുതൽ) ഗ്രാമസംഘടനയുടെ ഒരു ഘടകമെന്ന നിലയിൽ തിരുവിതാംകൂറിലെ 'കര'കൾ നിലവിൽ വന്നു. ഈ ഗ്രാമങ്ങളിൽ ഇടക്കാലംവരെ സംഘടിതമായ ഒരു ജീവിതം

അഭിവൃദ്ധിപദ്ധതിയിലിരുന്നു. പക്ഷെ വ്യക്തിപരമായ ആശയങ്ങളുടെ വളച്ചയോടുകൂടി ഈ സംഘടിതജീവിതം തകന്ന് മിക്കവാറും അസ്തമിച്ചിരിക്കുന്നു." (സെൻസസ്സ്റിപ്പോർട്ട് പേജ് ൬൨) കാലഗതിയോടനുരൂപമായ പ്രവത്തനപരിവത്തനങ്ങൾക്കു വിധേയത്വം വഹിക്കാതെ അധഃപതനാവസ്ഥയിലെത്തിയിരിക്കുന്ന ഈ സ്ഥാപനത്തിന് (സംഘടിതജീവിതം) നാം ജീവൻ പ്രദാനംചെയ്താൽ മാത്രംമതിയാകും. ഈ കര സ്വയംസമ്പൂണ്ണമായ ഒരു ഘടകമായിരുന്നു. എന്നത്, ഒരു വാസ്തവമാണ്. സ്വയംപൂണ്ണമായ സാമ്പത്തികനിലയുടെ അഭാവത്താൽ, ഗ്രാമങ്ങൾക്കു ബാഹ്യലോകവുമായുള്ള ബന്ധങ്ങളെ വിച്ഛേദിക്കുവാൻ ശ്രമിച്ചുകൂടാ; എന്നാൽ തങ്ങളുടെ പൂവ്വികരേക്കാൾ ഭേദമായ ഒരു നിലയിൽ ജീവിക്കണമെന്നു നിഷ്ഠയുള്ള ഗ്രാമീണക്കാവശ്യമുള്ള സാമാനങ്ങൾക്കു പകരമായി, ഗ്രാമങ്ങളിലെ ആവശ്യത്തിലധികമുള്ള ഉല്പാദനങ്ങൾ കൊടുക്കുന്നതിനു (Barter) നമുക്ക് ഏപ്പാടു ചെയ്യാവുന്നതാണ്. ഏററവും കൂടിയ വിലയ്ക്കു വില്ക്കുകയും കുറഞ്ഞ നിരക്കിനു വാങ്ങിക്കുകയും ചെയ്യത്തക്ക രീതിയിൽ സംയുക്തതത്വത്തിന്മേൽ ക്രയവിക്രയമേപ്പാടുചെയ്ത് അതുമൂലമുള്ള സൌകയ്യവിശേഷങ്ങൾ (ലാഭം) ഗ്രാമീണന് ഉറപ്പുനൽകേണ്ടതാണ്. കഴിഞ്ഞ കാലങ്ങളിൽഗ്രാമങ്ങളിലുണ്ടായിരുന്ന സാമ്പത്തികദൃഢിമ (സുസ്ഥിതി)യ്ക്കു നാം പ്രാധാന്യം നൽകണം. ഓരോ വ്യക്തിക്കും തന്റെ സ്വന്ത ഉല്പാദനങ്ങളിലുള്ള താല്പയ്യം നഷ്ടപ്പെടുത്താതെ, വലിയതോതിലുള്ള ക്രയവിക്രയത്തിന്റെ പ്രയോജനം ഇവ്വിധം ഗ്രാമീണക്കു ലഭിക്കേണ്ടതാണ്. സംയുക്താടിസ്ഥാനത്തിന്മേലുള്ള ക്രയവിക്രയം ഏപ്പെടുത്തേണ്ടതാണ്. അതുകൊണ്ട്, ഗ്രാമീണജീവിതത്തിന്റെ സാമ്പത്തികനിലയെ പുനരുജ്ജീവിപ്പിക്കുകയെന്നതാണ് നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നം.

ഞാൻ ഈ ഉദ്ദേശത്തെ മുൻനിറുത്തി ൧൧൦൦-ലെ തിരുവിതാംകൂർ ഗ്രാമപഞ്ചായത്തു റഗുലേഷന്റെ (൭) വകുപ്പുകളെ പരിഷ്കരിച്ചു, ഗ്രാമീണോദ്ധാരണപരമായ വിവിധപരിപാടികളെ ആ റഗുലേഷന്റെ വ്യാപ്തിയിൽ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. നിലവിലിരിക്കുന്ന നിയമവ്യവസ്ഥകളേയും പുതിയ പ്രവത്തനപരിപാടികളേയും സംയോജിച്ചു സമ്മേളിപ്പിക്കുന്നത് ഈ പരിക്ഷണസമാരംഭത്തെ കൂടുതൽ ലഘുസാദ്ധ്യവും സൌകയ്യപ്രദവുമാക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഭരണപരമായ പ്രവൃത്തികൾ

ശരിയായി ആരംഭിച്ചുകഴിഞ്ഞാൽ, പ്രവൎത്തനത്തിൻെറ ജൂഡീഷ്യൽശാഖ അതിനെ അനുഗമിച്ചുകൊള്ളുമെന്ന പ്രതീക്ഷയോടെ, ഞാൻ, പഞ്ചായത്തുകളുടെ ഭരണപരമായ നടത്തിപ്പുസംബന്ധിച്ച പരിപാടികളെ മാത്രമേ പൎയ്യാലോചിക്കുന്നുള്ളു. വിശദവിവരങ്ങൾ പ്രസ്താവിക്കുന്നതിൽ പഞ്ചാബു്, ബംഗാൾ, ബാംബെ, മദ്ധ്യസംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ ഗ്രാമീണോദ്ധാരണസംരംഭങ്ങളെ ഞാൻ സൂക്ഷ്മമായി മനസ്സിലാക്കി അനുഗമിക്കുന്നുണ്ടു്.

മുന്നൂറോളം കേന്ദ്രങ്ങളുള്ള പഞ്ചായത്തുകൾ മുഖേന തിരുവിതാംകൂറിനെ ഘടിപ്പിക്കാവുന്നതാണു്. മുപ്പതു് കേന്ദ്രങ്ങളോളം (താലൂക്കിൽ ഒന്നുവീതം) പ്രവൎത്തനാരംഭാൎത്ഥം സ്വീകരിക്കാവുന്നതാണു്. ഈ ആദ്യസംരംഭങ്ങളുടെ ജയാപജയങ്ങളെ ആസ്പദീകരിച്ചു കൂടുതൽ പരീക്ഷണങ്ങൾ സമാരംഭിക്കാവുന്നതുമാണു്.

പദ്ധതി.

൧. പഞ്ചാബിലെയും ബംഗാളത്തേയുംമററും പോലുള്ള ഒരു ഗ്രാമോദ്ധാരണോദ്യോഗസ്ഥൻെറ നേതൃത്വത്തിലായിരിക്കണം ഈ പദ്ധതി. രാജ്യത്തെ ഗ്രാമീണരുടെ ക്ഷേമാഭിവൃദ്ധിയിലേൎപ്പെട്ടിരിക്കുന്ന ഭിന്നഡിപ്പാർട്ടുമെൻറു (ഗവണ്മെൻറു്) കളുടെ പ്രവൎത്തനത്തെ സംയോജിപ്പിച്ചു് സംഘടിപ്പിക്കുകയായിരിക്കും ഈ ഉദ്യോഗസ്ഥൻെറ പ്രധാന ചുമതല. ഈ നിയമനങ്ങൾ ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരുടേയും ഡിസ്ത്രിക്ടു് ഉദ്യോഗസ്ഥന്മാരുടേയും അധികാരത്തെ ബാധിക്കുന്നതല്ല. ജനങ്ങളുടെ ക്ഷേമവൎദ്ധനയ്ക്കായുള്ള പദ്ധതികളെപ്പററി നിൎദ്ദേശങ്ങളും ഉപദേശവും നൽകുകയെന്നതും, ആ പദ്ധതികളുടെ പുരോഗതിക്കു പ്രചരണംമുഖേന സഹായിക്കുക എന്നതുമാണു് ഈ ഉദ്യോഗസ്ഥൻെറ ജോലി. ആ ഉദ്യോഗസ്ഥൻ പ്രത്യേകശ്രദ്ധ പതിപ്പിക്കുന്നതായ സംഗതികൾക്കുദാഹരണങ്ങൾ താഴെ പറയുന്നു.

(൧) നല്ല വിത്തുകൾ വിതരണംചെയ്യുക, (൨) കൂടുതൽ നല്ലവളങ്ങൾ ഉപയോഗിക്കുക എന്നതിനെ സാധാരണമാക്കുക, (കൂടുതൽ പ്രചാരം വരുത്തുക), (൩) ശാസ്ത്രീയമായ കൃഷിയായുധങ്ങൾക്കു പ്രചാരമുണ്ടാക്കുക, (൪) പുതിയതും കൂടുതൽ നല്ലതുമായ കൃഷികൾ പ്രചരിപ്പിക്കുക, (൫) ചെടികൾക്കുണ്ടാകുന്ന രോഗങ്ങളോടും ചെറുജന്തുക്കളുടെ ഉപദ്രവങ്ങളോടും എതിരിടുക, (൬) ആടുമാടുകളെ (ലിവ്സ്റ്റോക്കു്) വളൎത്തുക, (൭) പാലും

നെയ്യും പട്ടണങ്ങളിൽ സംഘടിതമായി വില്പന നടത്തുക, (൮) കുടിൽ വ്യവസായപ്രോത്സാഹനം, (൯) വിളവുകളും ഉല്പാദനങ്ങളും വില്പനനടത്തുക, (മാർക്കറ്റിംഗ്) (൧൦) വില്ലേജ് സാനിട്ടേഷൻ, (൧൧) വളശേഖരണം (കൺസർവേഷൻ,) (൧൨) കുത്തിവയ്പ്, ഗോവസൂരിപ്രയോഗം, സാംക്രമികരോഗനിവാരണം, (൧൩) കൊതുകുനിയന്ത്രണം, (൧൪) റൂറൽബയസ്സ് എഡ്യൂക്കേഷൻ, ഗ്രാമീണരുടെ (വിദ്യാഭ്യാസം) (൧൫) വനങ്ങൾ സൃഷ്ടിക്കുകയും മേച്ചിൽസ്ഥലങ്ങൾ നന്നാക്കുകയും, (൧൬) മുൻപറഞ്ഞ ഉദ്ദേശങ്ങൾ സാധിക്കുന്നതിനു സഹകരണതത്വങ്ങളാശ്രയിക്കുക എന്നതിനെപ്രോത്സാഹിപ്പിക്കുക.

൧൧൦൦-ലെ തിരുവിതാംകൂർ വില്ലേജ് പഞ്ചായത്തുറഗുലേഷൻ (VII) അനുസരിച്ച് ഈ ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതും ഈ റഗുലേഷനനുസരിച്ചുള്ള അയാളുടെ നിയമപരമായ ചുമതലകൾ നിർവഹിക്കാനയാളെ സഹായിക്കുന്നതിനു അയാൾക്കു് "രജിസ്ട്രാർ ഓഫ് വില്ലേജ് പഞ്ചായത്ത്സ്" എന്ന ഉദ്യോഗനാമം നൽകാവുന്നതുമാണ്.

൨. ഈ ഉദ്യോഗസ്ഥൻ രാജ്യത്തിലെ പകുതികളുടെ സാമ്പത്തിക സർവേ നടത്തിക്കേണ്ടതാണ്. മററുസംഗതികൾക്കുപുറമെ താഴെ പറയുന്നവയെ സംബന്ധിച്ച വിശദവിവരങ്ങൾ സർവേയിലുൾപ്പെടേണ്ടതാണ്.

൩. പകുതിയുടെ വിസ്തീർണ്ണത. (എ) കൃഷിചെയ്യപ്പെട്ട സ്ഥലം, (ബി) കൃഷിചെയ്യപ്പെടാത്ത സ്ഥലം,(സി) വെറുതെ കിടക്കുന്നതു്, (ഉപയോഗശൂന്യം) (Waste) (ഡി) കൃഷിക്കുപയുക്തമായ സ്ഥലം.

൪. ജനസംഖ്യ. (എ) വേലചെയ്യാവുന്നവരുടെ ശതമാനം, (ബി) വേല ചെയ്യാൻ ശക്തിയില്ലാത്തവരുടെ ശതമാനം.

൫. തൊഴിൽ. (എ) ശിക്ഷിത(സ്കിൽഡ്) തൊഴിൽക്കാർ,(ബി) അഭ്യസ്തവിദ്യരായ തൊഴിലുള്ളവർ, (സി) അഭ്യസ്തവിദ്യരായ തൊഴിൽവിഹീനർ, (ഡി) അഭ്യസനംകൂടാത്ത തൊഴിൽക്കാർ, (അൺസ്കിൽഡ്) (ഇ) മടിയരായ (വെറുതെ ഇരിക്കുന്ന) തൊഴിൽക്കാർ.

൬. വ്യവസായങ്ങൾ. (എ) അഭിവൃദ്ധിപ്പെട്ടുവരുന്ന പ്രാദേശിക വ്യവസായങ്ങൾ, (ബി) ഉദ്ധരണക്ഷമവും നടപ്പാക്കാൻ സാധിക്കുന്നതുമായ പ്രാദേശികവ്യവസായങ്ങൾ.

൫. ഉല്പാദനം. (എ) അ പ്രദേശത്തെ അവശ്യങ്ങൾ എന്തെല്ലാമാണ്, (ബി) അവ ലഭിക്കുന്ന മാർഗ്ഗങ്ങൾ, (സി) ഇവയിൽ എത്ര ശതമാനം അ പ്രദേശത്തുതന്നെ ഉണ്ടാക്കപ്പെട്ടുന്നെന്ന്, (ഡി) ബാക്കി ശതമാനം കൂടി ഉണ്ടാക്കുന്നതിനുള്ള കഴിവുകൾ.

൬. മാർക്കററിങ്ങ്. (വില്പന) (എ) മാർഗ്ഗങ്ങൾ, (ബി) സാധിക്കാവുന്ന പരിഷ്കാരങ്ങൾ.

൭. സാനിറ്റേഷൻ. (ശുചീകരണം) (എ) ഇപ്പോഴത്തെ നില, (ബി) അഭിലഷണീയമായ പരിഷ്കാരങ്ങൾ.

൮. റോഡുകളും ഗതാഗതസൌകര്യവും. (എ) ഇപ്പോഴത്തെ നില, (ബി) അഭിലഷണീയമായ പരിഷ്കാരങ്ങൾ.

൯. ഇറിഗേഷൻ (ജലസേചനം) (എ) ഇപ്പോഴത്തെ അവസ്ഥ, (ബി) അഭിലഷണീയമായ പരിഷ്കാരങ്ങൾ.

൧൦. വിദ്യാഭ്യാസം. (എ) ഇപ്പോഴത്തെ സ്ഥിതി, (ബി) അഭിലഷണീയ പരിഷ്കാരങ്ങൾ.

൩. ഗവമ്മെണ്ടിനാൽ നിയമിക്കപ്പെട്ടുന്ന ഒരു സെൻട്രൽ റൂറൽ റികൺസ്ട്രക്ഷൻബോർഡു് ഈ സർവ്വേകളെ പരിശോധിക്കേണ്ടതാണ്.

൪. ഈ ബോർഡിൽ താഴെ പറയുന്നവരുണ്ടായിരിക്കണം.

(എ) നോമിനേറ്റു ചെയ്യപ്പെട്ട ഒരുദ്യോഗസ്ഥാദ്ധ്യക്ഷൻ.

(ബി) അസംബ്ളിയിൽ നിന്നും രണ്ടു പ്രതിനിധികൾ.

(സി) കൗൺസിലിന്റെ രണ്ടു പ്രതിനിധികൾ

(ഡി) താലൂക്കു് ഗ്രാമോദ്ധാരിണി ബോർഡുകളുടെ മൂന്നു പ്രതിനിധികൾ.

(ഇ) ലാൻഡു റവന്യൂ കമ്മീഷണർ.

(എഫ്) ചീഫ് എൻജിനീയർ.

(ജി) വിദ്യാഭ്യാസ ഡയറക്ടർ.

(എച്ച്) ഡർബാർ ഫിസിഷൻ.

(ഐ) പബ്ളിക്കഹെൽത്ത് ഡയറക്ടർ

(ജെ) കൃഷിഡയറക്ടർ.

(കെ) വ്യവസായഡയറക്ടർ.

(എൽ) കോ-ഓപ്പറേറ്റീവു രജിസ്ട്രാർ.

(എം) ആയുർവേദചികിത്സാസമ്പ്രദായത്തിൻെറ പ്രതിനിധി.

റൂറൽ റി കൺസ്ട്രക്ഷൻ ഓഫീസർ, ബോർഡിൻെറ എക്സ്—ഒഫിഷ്യോ സിക്രട്ടറിയായിരിക്കും.

൫. ഓരോ കൊല്ലവും ഗ്രാമോദ്ധാരണസംരംഭങ്ങൾ തുടരേണ്ട പ്രത്യേകസ്ഥലങ്ങളേതെന്നു ഈ ബോർഡു് തീരുമാനിക്കുന്നതാണ്.

൬. രാജ്യമാകമാനം അഞ്ചുവഷക്കാലംകൊണ്ടു ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ ഉൽഘാടനം ചെയ്യുക എന്നതായിരിക്കണം ബോർഡിൻെറ ആദശം.

൭. പ്രവത്തനകേന്ദ്രങ്ങൾ നിശ്ചയിച്ചുകഴിഞ്ഞ ശേഷം ഓരോ കേന്ദ്രത്തിലും ഗ്രാമപ്പഞ്ചായത്തുകൾ ഏപ്പെടുത്തണം.

൮. രാജ്യത്തെ ഒരു പകുതിയായിരിക്കണം ഈ കേന്ദ്രം. എന്നാൽ, കരയായിരിക്കും ഗ്രാമോദ്ധാരണം സംബന്ധിച്ച ഘടകം.

൯. വില്ലേജ് പഞ്ചായത്തിൽ ൭ ഉദ്യോഗസ്ഥമെമ്പറന്മാരും (കൃഷി, വ്യവസായം, സഹകരണം, പൊതുജനാരോഗ്യം, പി. ഡബ്ളിയു. ഡി. or വിദ്യാഭ്യാസം) ൬ അനുദ്യോഗസ്ഥമെമ്പറന്മാരും ഉണ്ടായിരിക്കണം.

൰. ആദ്യത്തെ രണ്ടു വഷക്കാലത്തേക്കു് ഈ അനുദ്യോഗസ്ഥമെമ്പറന്മാരെയെല്ലാം ഗവമ്മെൻറു് നോമിനേററു ചെയ്യേണ്ടതാണ്; മൂന്നാം കൊല്ലത്തിൽ മൂന്നുപേരെ നോമിനേററു ചെയ്യുന്നതും മൂന്നുപേരെ തിരഞ്ഞെടുക്കുന്നതുമാണ്; ൫-ാംവഷത്തിൽ ൨ പേരെ നോമിനേററുചെയ്യുന്നതും ൪ പേരെ തിരഞ്ഞെടുക്കുന്നതുമാണ്; ൭-ാംകൊല്ലത്തിൽ എല്ലാവരെയും തിരഞ്ഞെടുക്കുന്നതാണ്.

൰൧. ഗ്രാമോദ്ധാരണോദ്യോഗസ്ഥൻെറ ഉപദേശത്തോടുകൂടി ഓരോ പ്രദേശത്തിൻെറയും ആവശ്യങ്ങൾക്കനുയോജ്യമായ (ഗ്രാമപ്പഞ്ചായത്തു റഗുലേഷൻ ൨൪-ാംവകുപ്പനുസരിച്ചു്) ഈ വില്ലേജ് പഞ്ചായത്തുകൾ ബൈലാകൾ ഉണ്ടാക്കേണ്ടതാണ്.

൰൨. സാധാരണയായി ബൈലാകളിൽ താഴെപ്പറയുന്ന കാര്യങ്ങളുൾപ്പെടുന്നു.

൧. കൃഷിയും ആടുമാടുവളർത്തലും. (ലിവുസ്റ്റോക്ക) പരിഷ്കരിക്കുക.

(എ) കൂടുതൽ നല്ലവിത്ത്.

(ബി) കൂടുതൽ നല്ലവളം.

(സി) കൂടുതൽ നല്ല കൃഷിആയുധങ്ങൾ.

(ഡി) കൂടുതൽ നല്ല വിളവുകൾ.

(ഇ) കൂടുതൽ നല്ല ആഹാരം (ഫോഡർ.)

(എഫ്) ചെറുജീവികളുടെ ഉപദ്രവത്തെയും സസ്യരോഗങ്ങളെയും എതിർക്കുക (ഇല്ലാതാക്കുക).

(ജി) കൂടുതൽ നല്ല രീതിയിൽ കാലിവളർത്തൽ.

൨. കുടിൽവ്യവസായവികാസം (ഉദ്ധാരണം.)

(എ) നിലവിലിരിക്കുന്ന വ്യവസായങ്ങൾ പോഷിപ്പിക്കുക.

(ബി) അധഃപതിച്ചുവരുന്ന വ്യവസായങ്ങളെ ഉദ്ധരിക്കുക.

(സി) പുതിയ വ്യവസായങ്ങൾ സമാരംഭിക്കുക.

൩. വിളവുകളും ഉല്പാദനങ്ങളും വിൽക്കുക. (മാക്കററിങ്ങ്.)

(എ) അവിടെത്തന്നെ (പ്രാദേശികം) ചെലവാക്കുക.

(ബി) അവശ്യത്തിൽ കൂടുതൽ വരുന്നതു വിററഴിക്കുക.

൪. വരവു (ക്രെഡിററ്) സംബന്ധിച്ച ആവശ്യങ്ങൾ ക്രമീകരിക്കുക.

(എ) ചുരുങ്ങിയകാലത്തെ (കടം) ആവശ്യത്തിലേക്കു കോ-ഓപ്പറേററിവു ക്രെഡിററുസംഘങ്ങൾ സ്ഥാപിക്കുക.

(ബി) തിരുവിതാംകൂർ ഭൂസ്വത്തുജാമ്യബാങ്കിൻെറ ഒരു ഏജൻറ് എന്ന നിലയിൽ ഈ പഞ്ചായത്തുകൾ പ്രവർത്തിച്ചു പഴയ കടങ്ങൾ വീട്ടുന്നതിനെ എളുപ്പമാക്കുകയും സൌകര്യപ്പെടുത്തുകയും ചെയ്യുക.

൫. താഴെപ്പറയുന്ന രീതികളിലൂടെ ഗ്രാമശുചീകരണപരിഷ്കാരം (സാനിറേറഷൻ) കൈവരുത്തുക.

(എ) വൃത്തികെട്ട ഭാഗങ്ങൾ (Slums) വൃത്തിയാക്കുക.

(ബി) മലേറിയാനിവാരണവും സാംക്രമികരോഗനിവാരണവും മററും സംബന്ധിച്ച നടപടികൾ.

(സി) കുളം, കിണറ് എന്നിവകളിലെ വെള്ളം ഇറച്ചും വൃത്തിയാക്കിയും കുടിക്കുവാൻ ശുദ്ധജലം നൽകുക.

(ഡി) കുളിക്കാൻ കുളങ്ങളും തടാകങ്ങളും കുഴിക്കുകയും വൃത്തിയാക്കുകയും ചെയ്യുക.

൩. റൂറൽ ഡിസ്പൻസറികളോ ആയുർവ്വേദഗ്രാൻറ് വൈദ്യശാലകളോ ഉൽഘാടനം ചെയ്തു വൈദ്യസഹായം നൽകുക.

൪. ഗ്രാമീണവിദ്യാഭ്യാസം (റൂറൽ ബയസ്സ് എഡ്യൂക്കേഷൻ) നടത്തുക; വായനശാലകൾ, ലൈബ്രറികൾ, നിശാപാഠശാലകൾ, സിനിമാപ്രദശ്നങ്ങൾ മുതലായവ ഉൽഘാടനം ചെയ്യുക.

൫. ജലസേചനമാഗ്ഗങ്ങൾ പരിഷ്കരിക്കുക (നന്നാക്കുക.)

൬. റോഡ്, തോട്ട, മുതലായ ഗതാഗതസൌകര്യങ്ങൾ പരിഷ്കരിച്ചു നന്നാക്കുക.

൧൦. വില്ലേജ് പഞ്ചായത്ത് റഗുലേഷൻ ൧൩-ം ൧൬-ം ൨൦-ം ഖണ്ഡികകളിൽ പറഞ്ഞിട്ടുള്ള മാതിരി മററു സംഗതികൾ.

൧൨. മുകളിൽ ഖണ്ഡിക ൧൨ (എ)ലും ൧൨ (ബി)ലും പറഞ്ഞിട്ടുള്ള വില്ലേജ് പഞ്ചായത്തുജോലികൾ ഓർഗനൈസിംഗ് കോ-ഓപ്പറേററീവു സൊസൈററികൾക്കു നടത്താവുന്നതാണ്. (നോട്ട്) വിവിധോദ്ദേശങ്ങൾക്കു പ്രത്യേകം സൊസൈററികൾ സ്ഥാപിക്കണമൊ അതോ എല്ലാത്തിനും കൂടി ഒന്നു മതിയാകുമോ എന്നുള്ള കാര്യം ഓരോ പഞ്ചായത്തിൻെറയും ഹിതത്തിനു വിട്ടിരിക്കുന്നു.

൧൪. പത്താംഖണ്ഡിക ൯-ം ൧൦-ം ഉപവകുപ്പുകളനുസരിച്ചുള്ള ജോലികൾമൂലമുണ്ടാകുന്ന ചെലവ്, പഞ്ചായത്തുകളിൽനിന്ന് അതതു ഡിപ്പാർട്ടുമെൻറുകൾക്കു കിട്ടുന്ന വരവിൽനിന്നും, നടത്തേണ്ടതാണ്.

൧൯. ഗ്രാമപ്പഞ്ചായത്തുറഗുലേഷൻ ൪൪ (എ) ഖണ്ഡിക അനുസരിച്ചു ഗ്രാമപ്പഞ്ചായത്ത് ഒരു ബഡ്ജററ് എസ്റ്റിമേററു തയ്യാറാക്കുന്നതാണ്.

൧൩. ആദ്യത്തെ രണ്ടുവഷങ്ങളിലേക്ക് അവയുടെ വരവ് Subsidy യെ പൂണ്ണമായും ആശ്രയിച്ചിരിക്കും. മൂന്നാംകൊല്ലംമുതൽ ചെലവിൻെറ ൨൯ ശതമാനം സെസ്സുമൂലം ഉണ്ടാക്കേണ്ടതാണ്.

(നോട്ട്) ഒരു ഗ്രാമപ്പഞ്ചായത്തിന് ഒരു മാസത്തിൽ ഒരു സബ്സിഡി എന്ന നിലയിൽ ആവശ്യപ്പെടാവുന്ന ഏററവും കൂടിയ തുക അൻപതു രൂപയാണ്.

൧൭. ഓരോ പഞ്ചായത്തിനും ഓരോ സൂപ്രവൈസറന്മാർവീതം ഉണ്ടായിരിക്കണം സൂപ്രവൈസറുടെ ശമ്പളം (൨൦ രൂപാ) സബ്സിഡി ഇനത്തിൽനിന്നും കൊടുക്കേണ്ടതാണ്. കുറെക്കാലത്തേക്ക് ഈ സൂപ്രവൈസർ, പ്രാദേശിക സഹകരണസംഘങ്ങളുടെ ശമ്പളത്തോടുകൂടിയ സെക്രട്ടറിയായി ജോലി നോക്കേണ്ടതാണ്.

ഗ്രാമീണപ്രാരംഭസേവ നടത്തുന്നവരിൽനിന്നും ഈ സൂപ്രവൈസറന്മാർ തിരഞ്ഞെടുക്കപ്പെടുന്നതാണ്.

റൂറൽ റികൺസ്റ്റ്രക്ഷൻ സെൻട്രൽബോർഡിൻെറ കീഴിൽ ഒരു ചുരുങ്ങിയകാലത്തേക്ക് ഈ സൂപ്രവൈസറന്മാക്ക് പരിശീലനം നൽകപ്പെടുന്നതാണ്. പരിശീലനത്തിൻെറ പ്രകൃതവും സ്വഭാവവും ബോർഡ് നിശ്ചയിക്കുന്നതാണ്.

ഗ്രാമോദ്ധാരണസംരംഭങ്ങളുടെയെല്ലാം ചാർജ്ജ് സൂപ്രവൈസർക്കായിരിക്കും.

ഗ്രാമപ്പഞ്ചായത്തിൻെറ ശുപാർശയിന്മേൽ റികൺസ്റ്റ്രക്ഷൻബോർഡ്, നിയമനം (സൂപ്രവൈസറുടെ) ബോർഡ് നടത്തുന്നതാണ്.

൧൮. സെൻട്രൽബോർഡിനും ഗ്രാമപ്പഞ്ചായത്തിനും ഇടയ്ക്കു് താലൂക്കബോർഡുകൾ ഏല്പെടുത്തുന്നതാണ്.

൧൯. ലാൻഡ്റവന്യൂ, പി. ഡബ്ളിയു. ഡി. വിദ്യാഭ്യാസം, മെഡിക്കൽ, പൊതുജനാരോഗ്യം, കൃഷി, വ്യവസായം, സഹകരണം എന്നിവയുടെ താലൂക്കപ്രതിനിധികളും താലൂക്കിലെ വില്ലേജ് പഞ്ചായത്തു ബോർഡുകളിലെ ഒന്നോ രണ്ടോ പ്രതിനിധികളും, താലൂക്കബോർഡുകളിൽ ഉണ്ടായിരിക്കും.

൨൦. താലൂക്കബോർഡിന് തിരഞ്ഞെടുക്കപ്പെട്ട ഒരു ഉദ്യോഗസ്ഥാദ്ധ്യക്ഷനുണ്ടായിരിക്കും.

൨൧. സംയോജനം, നയതീരുമാനം ആവശ്യത്തിലധികമുള്ള ഉല്പാദനത്തെ ഉല്പാദനം കുറഞ്ഞസ്ഥലങ്ങളുമായി ഏല്പാടുചെയ്തു വില്പന നടത്തുക മുതലായവയാണ് താലൂക്കബോർഡിൻെറ ജോലി.

൨൨. താലൂക്കുബോർഡിനു തിരഞ്ഞെടുക്കപ്പെട്ട ഒരു സിക്രട്ടറി ഉണ്ടായിരിക്കും.

൨൩. താലൂക്കു ബോർഡിലെ അനുദ്യോഗസ്ഥാംഗങ്ങൾക്കു് ബോർഡിൽനിന്നും യാത്രച്ചെലവു നൽകേണ്ടതാണു്.

൨൪. താഴെപ്പറയുന്ന രീതിയിൽ ബോർഡിൻെറ ഫണ്ടു് ശേഖരിക്കേണ്ടതാണു്.

(എ) ആദ്യത്തെ രണ്ടുവർഷത്തേക്കു്, സബ്സ്സിഡിയിൽനിന്നും.

(ബി) ൩-ം ൪-ം വഷങ്ങളിൽ, ൫൦ ശതമാനം സബ്സ്സിഡിയിൽ നിന്നും

(സി) ൫-ം ൬-ം കൊല്ലങ്ങളിലേക്കു ൨൫ ശതമാനം സബ്സ്സിഡിയിൽനിന്നും, ൭൫ ശതമാനം സെസ്സിൽനിന്നും.

(ഇ) ഏഴാംകൊല്ലംമുതൽ സെസ്സിൽനിന്നുമാത്രം പൂർണ്ണമായി.

൨൫. സബ്സ്സിഡി തുകയും മററു ഫണ്ടുകളും താലൂക്കുബോർഡുകൾ ശേഖരിച്ചു വില്ലേജ്പഞ്ചായത്തുകൾക്കു് അവ വിതരണം ചെയ്യേണ്ടതാണു്.

൨൬. റൂറൽ റി കൺസ്ട്രക്ഷനുദ്യോഗസ്ഥൻ കണക്കുകൾ പരിശോധിക്കുന്നതാണു്.

൨൭. സബോർഡിനേററു് ബോർഡുകളുടെയും പഞ്ചായത്തുകളുടെയും മേൽ സെൻട്രൽബോർഡിനു് അപ്പീലധികാരമുണ്ടായിരിക്കും.

ഗ്രാമോദ്ധാരണം.

(തുടൎച്ച)

(മിസ്സ് ജി. ആർ. തങ്കമ്മ, ബി. എ.)

അലസന്മാരുടെ സംഖ്യ ആപേക്ഷികമായി വൎദ്ധിച്ചു കാണുന്നതു ഇൻഡ്യയിലെ ഗ്രാമപ്രദേശങ്ങളിലാണെന്നാണ് ഗ്രാമോദ്ധാരണാൎത്ഥം അനേകം രാജ്യങ്ങളിൽ സഞ്ചരിച്ചിട്ടുള്ള മഹാന്മാർ അഭിപ്രായപ്പെടുന്നതു്. ഒരു ഭാരതീയ ഗ്രാമീണൻ അവൻെറ പുരോഗമനത്തെപ്പററി ചിന്തിക്കുന്നില്ല. കൃഷി സൌകൎയ്യങ്ങൾ അനിശ്ചിതമായിരിക്കുന്ന നമ്മുടെ രാജ്യത്തു ആദായകരമായ കുടിൽ വ്യവസായങ്ങളുടെ അഭാവം ഗ്രാമീണരുടെ അലസതയ്ക്കു് നിദാനമാണ്. ഇതിലേയ്ക്കു് കൃഷിപ്പിഴകൾ കൊണ്ടുള്ള കുറവിനെ പരിഹരിച്ചു്. വ്യവസ്ഥാപിതമായി, കൃത്രിമവളങ്ങൾ മുതലായതുകൊണ്ടു് കൃഷി നടത്തിപ്പിക്കുകയും കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. നെയ്ത്തു്, നൂലുനൂൽപ്പു്, കോഴിക്കൃഷി, കാലിക്കൃഷി, തേനീച്ചവളൎത്തൽ, മലക്കറിത്തോട്ടങ്ങൾ പാനെയ്ത്തു് ആദിയായ വ്യവസായങ്ങളെ ജനങ്ങളുടെ പരിഷ്കൃതമായ വാസനയ്ക്കൊത്തവണ്ണം ചെയ്യിക്കുകയും സാമാന്യമായ ആദായം ലഭിക്കത്തക്കവണ്ണം കച്ചവട സൌകൎയ്യങ്ങൾ ഉണ്ടാക്കുകയും ചെയ്യണം. ദാരിദ്ര്യത്തിൽ ആണ്ടു കിടക്കുന്ന ഗ്രാമീണൎക്കു തുച്ഛമായ വല്ല ലാഭവും ഉണ്ടാകാമെങ്കിൽ അവർ വളരെ ശ്രദ്ധയോടുകൂടി ഏതു പ്രവൎത്തനവും ചെയ്യാൻ സന്നദ്ധരാകും. ഗ്രാമോദ്ധാരണാൎത്ഥമുള്ള പ്രവൎത്തനത്തിനു് ആരംഭത്തിൽ കുറെ നഷ്ടങ്ങളുണ്ടായാലും ഗ്രാമീണരെ പ്രോത്സാഹിപ്പിക്കത്തക്കവണ്ണം അവരുണ്ടാക്കുന്ന സാധനങ്ങളെ സഞ്ചയിച്ചു് കോവാപ്പറേററീവു് വ്യവസ്ഥമൂലം വില്പന നടത്തണം. മാൎത്താണ്ഡത്തിലെ കോവാപ്പറേററീവു് എലമാൎക്കററിംഗ്ഗ് പദ്ധതി ഗ്രാമോദ്ധാരണത്തിനു് അനുകരണീയമാണ്. അവിടെ കോഴിക്കൃഷി തേനീച്ചവളൎത്തൽ മുതലായതു് മാതൃകാരൂപത്തിൽ ഗ്രാമീണരെക്കൊണ്ടു് ചെയ്യിപ്പിക്കുകമാത്രമല്ല അവരുടെ ഉല്പന്നങ്ങൾക്കു് ചന്തയിൽ കിട്ടുന്ന വിലയിൽ ഇരട്ടിവില നൽകിവരുന്നുമുണ്ടു്. ഗ്രാമവാസികളിൽനിന്നും ഇപ്രകാരം വാങ്ങുന്ന

സാധനങ്ങളെ വിദേശങ്ങളിലേക്കയച്ച് വില്പനനടത്തുകയും അതിൽനിന്ന് കൂടുതലായി ലാഭം കിട്ടുമ്പോൾ അതിൻെറ ഓഹരിമാത്രം സൊസയിററി എടുത്തുകൊണ്ട് ബാക്കി ഗ്രാമീണക്ക് വിഭജിച്ചു കൊടുക്കുകയുമാണ്. ധന ലാഭമുണ്ടെന്നു കണ്ടാൽ ഗ്രാമീണക്ക് അവരുടെ ഇടയിൽ പ്രവത്തിക്കുന്നവരോട് പ്രത്യേക ബഹുമാനവും അവരുടെ നിർദ്ദേശങ്ങളനുസരിക്കാൻ സദാ തല്പരതയും ഉണ്ടായിരിക്കും. കോവാപ്പറേററീവ് സൊസയിററിയിൽ അവരെ അംഗങ്ങളായി ചേക്കണം. ഓഹരി പണമായി അടയ്ക്കാൻ സാധിക്കാത്തവരോട് ഉൽപ്പന്നങ്ങൾ വാങ്ങി ഓഹരി സംഖ്യ ഈടാക്കുന്നതു യുക്തമാണ്. സൊസയിററി അവക്ക് ചെറിയ സംഖ്യകൾ വായ്പയായി കൊടുക്കുകയും ആ സംഖ്യയെ വ്യവസായ പരിപോഷണത്തിന് ചെലവു ചെയ്യുന്നുവോ എന്നന്വേഷിക്കുകയും വേണം. ഉദാഹരണമായി ഒരുവന് കോഴി വളത്തലിനു ൧൦ രൂപ സൊസയിററി കടം കൊടുത്തു എന്നിരിക്കട്ടെ. വായ്പ വാങ്ങിയവൻ അതു് കൊണ്ട് കോഴിവാങ്ങിയൊ എന്നും കോഴിക്കൂട്ടുണ്ടാക്കിയോ എന്നും സൊസയിററിയിലെ സൂപ്പർവൈസറന്മാരെക്കൊണ്ട് അന്വേഷണം നടത്തിക്കണം. ഉൽപ്പന്നങ്ങളുടെ മെച്ചമനുസരിച്ചുള്ള വില നൽകുമ്പോൾ സാമാനങ്ങളുടെ ഗുണവും അളവും കൂട്ടുന്ന കാര്യത്തിൽ ഗ്രാമീണർ പരിശ്രമിച്ചുകൊണ്ടിരിക്കും. ഇതു് സൊസയിററിയ്ക്കും ഗ്രാമീണർക്കും ഒരുപോലെ ശ്രേയസ്കരമായി ഭവിക്കുന്നു. കുടിൽ വ്യവസായങ്ങൾക്ക് ഗ്രാമീണരെ പ്രേരിപ്പിക്കാൻ ഡെമോൺസ്ത്രേഷൻ പദ്ധതി ഒഴിച്ചുകൂടാൻ പാടുള്ളതല്ല.

ഗ്രാമോദ്ധാരണകേന്ദ്രങ്ങളിലും ചന്തസ്ഥലങ്ങളിലും കവലകളിലും ഒരു വ്യവസായം മാതൃകാരൂപത്തിൽ ചെയ്യേണ്ടതെങ്ങിനെയെന്നു അതിൻെറ സകല ഉപകരണങ്ങളോടുകൂടി വിവരിച്ചു ബോധ്യപ്പെടുത്തിയാൽ ജനങ്ങൾക്ക് സ്വതേ ഒരു പ്രേരണയുണ്ടാകും. ഇപ്രകാരം കുടിൽവ്യവസായങ്ങൾ മുടങ്ങാതെ ചെയ്യാനുള്ള സൗകര്യവും സന്നദ്ധതയും ഉണ്ടായാൽ നമ്മുടെ ഗ്രാമീണരുടെ ദാരിദ്ര്യം പാടെ മാറിപ്പോകുന്നതാണ്.

അടുത്തതായി നമ്മുടെ ശ്രദ്ധയിൽപെടേണ്ടതു് ഭൂ സമുച്ചയ പദ്ധതിയാണ്. ഒരുഭൂമി ഉടമസ്ഥന് കൃഷിചെയ്യിക്കാൻ കുറച്ചധികം സ്ഥലമുണ്ടായിരുന്നാലും അതു് ഒരേസ്ഥലത്തായിരിക്കയില്ല. പാടങ്ങൾ അങ്ങിങ്ങായി കിടക്കുന്നതുകൊണ്ട് ഏകോപിച്ച് കൃഷിചെയ്യാൻ നിവ്വാഹമില്ല. ഒരുവനു

ഒരുപ്രദേശത്തുള്ള കൃഷിഭൂമികൾ ചിലപ്പോൾ ഒരേക്കറിൻെറ ഹ൯൦—ൽ ഒരുഭാഗം മാത്രമേ വിസ്തീണ്ണം ഉണ്ടായിരിക്കയുള്ളു എന്ന് "റോയൽ കമ്മിഷൻ" റിപ്പോട്ടിൽ പ്രസ്താവിച്ചുകാണുന്നു "വി. ജി. റാനഡേ" അദ്ദേഹത്തിൻെറ "Social and to Economic Survey,, എന്നപുസ്തകത്തിൽ എഴുതിയിരിക്കുന്നത് ഇന്ത്യയിൽ ൭൨-ൽ൧൨ പാടങ്ങൾവീതം ഒരേക്കറിൽ കുറവെന്നാണ് "Economic life in Malabar" എന്ന പുസ്തകത്തിൽ മിസ്റ്റർ സുബ്രഹ്മണ്യൻ പ്രസ്താവിച്ചുകാണുന്നത് മലബാറിൽ ൩൭ ശതമാനം പാടങ്ങളും ഒരേക്കറിൽ കുറവുള്ളതാണെന്നാകുന്നു. സമുച്ചയപദ്ധതി ഏററവും പ്രയാസമുള്ളതാണെങ്കിലും അതിലേക്ക് പ്രയത്നിക്കാതെയുള്ള കൃഷിപരിഷ്കാരമാഗ്ഗങ്ങളൊന്നും ഫലപ്രദമായില്ല. പഞ്ചാബിൽ ഈ പദ്ധതി പ്രായോഗികമാണെന്നു് ഇപ്പോൾ വിശദമാക്കിട്ടുണ്ടു്. ഒരു ഭൂമിഉടമസ്ഥനു് അവൻെറ വിളഭൂമികളെല്ലാം ഒരുമിച്ചുകിടന്നാൽ കൃഷിചെയ്യാനുള്ള സൌകയ്യവും അതുമൂലം അവൻെറ കുടുംബം പോററാനുള്ള ധനവും ലഭിക്കാൻ സുസാദ്ധ്യമായിത്തീരും. ഭൂമി ഉടമസ്ഥന്മാരെല്ലാം സംയോജിച്ചു് കൃഷിസ്ഥലങ്ങൾ വിഭജിച്ചാൽ ഈ പദ്ധതി പ്രായോഗികമാകും. പക്ഷേ നമുക്കെഴുതാവുന്നതുപോലെയോ പറയാവുന്നതുപോലെയോ പ്രായോഗികമാക്കാവുന്ന ഒരു സംഗതിയല്ലായിരിക്കാം. അതുകൊണ്ടു് ഗ്രാമോദ്ധാരണപ്രവത്തകക്ക് ഇതൊരു വൻപിച്ചപ്രവത്തനപരിപാടിയായിരിക്കും. അതു നിവ്വഹിച്ചുകഴിഞ്ഞാൽ സാമ്പത്തികാഭിവൃദ്ധിപരമായുള്ള പ്രവത്തനത്തിൻെറ നേർ പകുതി ജോലിയും ചെയ്തുതീന്നു എന്നു് സമാധാനപ്പെടുകയും ചെയ്യാം.

കാഷികോല്പന്നങ്ങളുടെ വദ്ധനവിനു് പ്രധാനമായി വേണ്ട മറെറാരു സംഗതി വളങ്ങളാണു്. നാട്ടുവളവും കൃത്രിമവളവും ഉപയോഗിക്കേണ്ടതെങ്ങിനെയെന്നു് ഡെമോൺസ്ട്രേഷൻ മൂലം ഗ്രാമീണരെ മനസ്സിലാക്കിയാൽ മാത്രമേ അതു് പ്രയോജനകരമായിത്തീരു. പരിഷ്കൃതരീതിയിൽ കൃഷി നടത്തിയാൽനല്ലവിളവു ഈടാകുമെന്നുള്ളതിൽ സന്ദേഹിക്കാനില്ല.

കഷകരുടെ ഋണനിവാരണമാഗ്ഗങ്ങളെസംബന്ധിച്ചുള്ള പ്രശ്നം ഇന്നു് ഇന്ത്യായിൽ മാത്രമല്ല ജമ്മനി, ബ്രിട്ടൺ മുതലായ രാജ്യങ്ങളിലും ഉള്ളതാണു്. കഷകന്മാരാവശ്യപ്പെടുന്നതു് സാമാനങ്ങളുടെ വിലക്കുറവനുസരിച്ചു് പലിശകുറയണമെന്നും, കടമടച്ചു തീക്കാൻ ദീഘമായ കാലാവധി

നൽകണമെന്നും, വാറണ്ടിൽപിടിച്ച് കർഷകരെ ഉപദ്രവിക്കരുതെന്നുമാണല്ലോ. ഋണനിവാരണകാര്യത്തിൽ ജനങ്ങളും ഗവണ്മെന്റും ഒരുപോലെ ശ്രദ്ധിക്കുന്നതുകൊണ്ടു് കർഷകർക്ക് ഋണമോചനത്തിന് സൗകര്യംലഭിക്കുന്ന ബില്ലുകൾ നടപ്പിൽ വരുന്നുണ്ടു്. ഋണനിവാരണ കമ്മിററികൾമുഖേന ഭവനഗർ, മൈസൂർ, കാപ്പൂർത്തല, യു. പി, സി. പി, പഞ്ചാബു് മുതലായ രാജ്യങ്ങളിൽ ഇപ്പോൾ കർഷകന്മാരുടെ ഋണഭാരം വളരെ കുറഞ്ഞിട്ടുണ്ടു്. തിരുവിതാംകൂറിലും ഋണബാധ്യതകൾക്കുള്ള പരിഹാരമാർഗ്ഗങ്ങൾ വിജയത്തിൽപര്യവസാനിച്ചിരിക്കുന്നതു് സമ്പൽക്ഷയം മൂലം ദുരിതമനുഭവിക്കുന്ന പ്രജാസഞ്ചയത്തിന് ആശ്വാസപ്രദമാണു്.

ഒരുഗ്രാമം പരിഷ്കരിക്കുന്നതിന് ആദ്യമായി വേണ്ടതു് വില്ലേജ് സർവ്വേയാണു്. സാമ്പത്തികസർവ്വേ, ആരോഗ്യസർവ്വേ, വിദ്യാഭ്യാസസർവ്വേ തുടങ്ങിയ അനേകം സർവ്വേകൾകൊണ്ടുമാത്രമേ ഒരുഗ്രാമത്തെപ്പററിയുള്ള വിശദവും പൂർണ്ണവുമായ സ്ഥിതിഗതികൾ നമുക്ക് ഗ്രഹിക്കാൻ സാധ്യമുള്ളു. സർവ്വേകൊണ്ടുള്ള ഒരുപരിപൂർണ്ണജ്ഞാനം ലഭിച്ചതിനുശേഷമായിരിക്കണം ഗ്രാമോദ്ധാരണപദ്ധതി തയ്യാറാക്കി ജോലി തുടരേണ്ടതു്. ഗ്രാമോദ്ധാരണത്തിനുള്ള ഒരുപദ്ധതി തയ്യാറാക്കുന്നതിനുമുൻപു് ഇന്ത്യായിലുള്ള ഇതരഗ്രാമങ്ങളിൽ ചിലമഹാന്മാർ പരീക്ഷണാർത്ഥം തുടർന്ന ചില പദ്ധതികളെപ്പററി നമുക്ക് സാമാന്യമായി ഒന്നു പര്യാലോചിക്കാം. (തുടരും)

ബോംബേ പ്രസിഡൻസിയിലെ കാർഷികവ്യാപാരം

(എം. ഐ. എസ്സ്. താക്കൂർ.)

കച്ചവടസംഘങ്ങളുടെ ആവശ്യം.

ക്രയവിക്രയസൗകര്യത്തിനുവേണ്ടി ബോംബേ ഇൻക്വയറികമ്മിററി കാർഷികോൽപ്പന്നങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ൧. കയററുമതി ഉൽപ്പന്നങ്ങൾ. ൨. ഭക്ഷ്യസാധനങ്ങൾ. ൩. അഴിവുള്ള സാധനങ്ങൾ. ആദായകരങ്ങളായ ഉൽപ്പന്നങ്ങളിലാണു് ഈ കച്ചവടസംഘടനകളിൽ ഒരു കർഷകൻ പ്രാധാന്യംകല്പിക്കുന്നതു്. ആദായകരമായ ഉൽപ്പന്നങ്ങളിൽ പ്രധാനമായതു് പരുത്തിക്കൃഷിയാണു്. അതു കഴിഞ്ഞാൽ പ്രാധാന്യംവഹിക്കുന്നതു് നിലക്കടല, ഗോതമ്പു്, നെല്ലു്, മുതലായ ധാന്യങ്ങളാണു്.

ഇന്നത്തെ കച്ചവടരീതിയിലുള്ള കുഴപ്പം, സാധനങ്ങൾ മദ്ധ്യസ്ഥന്മാർമൂഖാന്തിരം വില്പനനടത്തുന്നതിനാൽ ഉണ്ടാകുന്നതാണ്. കൃഷകൻെറ കൈയിൽനിന്നും സാമാനങ്ങൾ ആദ്യമായി ഒരു ഗ്രാമീണവ്യാപാരിയുടെ കൈവശം വന്നുചേരുന്നു. അവിടെനിന്നും ചന്തസ്ഥലത്തേക്കും ചന്തസ്ഥലത്തുനിന്നും കമ്മിഷൻ ഏജൻറന്മാരുടെ പക്കലേക്കും കമ്മിഷൻ ഏജൻറിൻെറ പക്കൽനിന്നും മില്ലുടമസ്ഥന്മാരുടെ കൈയിലേക്കോ ഇറക്കമതിവ്യാപാരക്കാരൻെറ കൈയിലേക്കോ വന്നുചേരുന്നു. പരസ്പരസഹായവില്പനാകേന്ദ്രങ്ങൾ ഉള്ള സ്ഥലങ്ങളിൽ അതിലെ അംഗങ്ങൾ നിർമ്മിക്കപ്പെടുന്ന സാധനങ്ങൾ വില്പനയ്ക്കായി പ്രസ്തുതകേന്ദ്രങ്ങളിൽ കൊണ്ടുവരപ്പെടുന്നു. ഇന്ന് ഇപ്രകാരമുള്ള സംഘങ്ങൾ ധനസംബന്ധമായ കാൎയ്യങ്ങളിൽ ചുമതലബോധമില്ലാതെ തമ്മിൽ ഏജൻറിൻെറ സ്ഥാനംമാത്രമേ വഹിക്കുന്നുള്ളു.

പഞ്ഞി വില്പനരീതി.

നിലത്തിൽവച്ചുതന്നെ ഒരുമിച്ചു വില്പനനടത്തുക; ഫലം എടുത്തഉടൻ വില്പന നടത്തുക; കെട്ടുകളാക്കി വില്പനനടത്തുക; ഇങ്ങനെ പലപ്രകാരത്തിലും ഓരോരുത്തർ വില്പനനടത്തുന്നുണ്ട്. നിലത്തിൽവച്ചുതന്നെ ഉള്ള വില്പന വളരെ കുറവാണ്. എടുത്തഉടൻ വില്ക്കുന്നതും ഏററവും ചുരുക്കമായി മാത്രമേ നടന്നുവരുന്നുള്ളു. കെട്ടുകളാക്കി വില്പന നടത്തുന്നതാണ് അവൎക്ക് ഏററവും ഇഷ്ടമായിട്ടുള്ളത്. വളരെ കുറച്ചുമാത്രം കൃഷിയുള്ളവരാണ് ഗ്രാമീണവ്യാപാരിയുമായി വില്പന നടത്തുന്നത്. തൃപ്തികരമായ വില ലഭിക്കയാണെങ്കിൽ പഞ്ഞി കടഞ്ഞോ കടയാതേയോ വില്പനനടത്തുന്നതിന് ഉടമസ്ഥന്മാർ സന്നദ്ധരാണ്. വിലകുട്ടമെന്നുള്ള പരിതഃസ്ഥിതികളാണെങ്കിൽ അവർ അതിനെ കടഞ്ഞു സൂക്ഷിച്ച്, ശരിയായവില കിട്ടുന്ന കാലംവരെ കാത്തിരിക്കും. ഇപ്രകാരം സൂക്ഷിക്കുന്ന ആളുകൾക്ക് സാമാനവിലയുടെ ൩൦ - ൬൦ ശതമാനം വില അഡ്വാൻസായി ലഭിക്കുന്നുണ്ട്. ഇപ്രകാരം പണം കൊടുക്കുന്നത് ഉണ്ടിയക്കടക്കാർ, ജോയിൻറ് സ്റ്റാക്ക് കമ്പനിക്കാർ, കോവാപ്പറേററീവ് ബാങ്കുകാർ, കോവാപ്പറേററീവ് വില്പനശാലക്കാർ മുതലായകൂട്ടരാണ്. കമ്മീഷൻഏജൻേറാ, കോവാപ്പറേററീവ് സംഘങ്ങളോ മുഖേനമാത്രം കച്ചവടം ചെയ്യുന്നതുകൊണ്ട് കൃഷകൎക്ക് വരുമാനംലഭിക്കുന്നതിന് ഏതാനുംദിവസത്തെ

താമസംനേരിടുന്നു. ഒരു ഏജൻറുമുഖാന്തിരം വില്ക്കുകയാണെങ്കിൽ കൃഷകനു് അതിൻെറ വില ഉടൻതന്നെ കിട്ടും. ക്യാൻറിഷ് മുതലായ കേന്ദ്രങ്ങളിൽ സാമാനങ്ങൾ വില്ക്കുന്നതു് ഉടമ്പടിക്കൈമുഖാന്തിരവും മററു ചില സ്ഥലങ്ങളിൽ പരസ്യമായ ലേലങ്ങൾനടത്തിയും ആണു്. കച്ചവടഉടമ്പടി നടത്തുന്നതു് ദല്ലാലുകാരനാണു്. എന്നാൽ കച്ചവടംനടത്തുന്നതിനു മുൻപു് ഉടമസ്ഥനുമായി ആലോചിക്കും. പഞ്ഞി വിലപറഞ്ഞു വാങ്ങിച്ചു് കടച്ചിൽശാലകളിലേയ്ക്കു കൊണ്ടുപോകുന്നതിനായി തൂക്കം നോക്കുന്ന സന്ദർഭങ്ങളിൽ സാമാനത്തിൻെറ നല്ലതില്ലസംബന്ധിച്ചു് ക്രയവിക്രയക്കാർതമ്മിൽ ചില കശപിശകൾ ഉണ്ടാക്കാറുണ്ടു്. ഉടമ്പടിപ്രകാരമുള്ള വിലയെക്കുറിക്കുന്നതിനാണു് അപ്പോഴുള്ള ഉദ്യമം. വ്യവസ്ഥാപിതമായ വ്യാപാരശാലകളുള്ള സ്ഥലത്തു് ഈമാതിരിവഴക്കുകൾ തീക്കുന്നതു് കോട്ടൺമാക്കററു് സൂപ്രണ്ടാണു്. അയാളുടെ തീരുമാനം ഇരുകക്ഷികളും അനുസരിക്കേണ്ടതും അതു് അവസാനതീരുമാനമായിരിക്കുന്നതുമാണു്. മററുള്ള ചില സ്ഥലങ്ങളിൽ കർഷകൻ ക്രേതാവിനുകീഴടങ്ങി സാമാനം ഏതെങ്കിലുംവിധത്തിൽ തൂക്കികൊടുത്തിട്ടു് നേരിടുന്ന നഷ്ടം സഹിക്കതന്നെ ചെയ്യുന്നു. വ്യവസ്ഥാപിതമായ വ്യാപാരശാലകളിൽ സാമാനങ്ങളുടെ തൂക്കംകണ്ടുപിടിക്കുന്ന ആളിനു് നിശ്ചിതമായ ഒരു കൂലികൊടുക്കുന്നതുകൊണ്ടു് അതാതുസാമാനങ്ങളുടെ തൂക്കത്തിനുള്ള വിലയിൽനിന്നും കുറയ്ക്കുന്നതിനുസാധിക്കയില്ല. തൂക്കംനോക്കുന്നയാൾ ഉടമസ്ഥനു് രണ്ടുരസീതു കൊടുക്കണം. പഞ്ഞിക്കുള്ളവിലയുടെ നിരക്കനുസരിച്ചാണു് അതിൽനിന്നുള്ള വരുമാനം കണക്കാക്കുന്നതു്. സാമാനങ്ങളുടെ യഥാത്ഥത്തിലുള്ള തൂക്കം, അതിൻെറ ഉടമ്പടിപ്രകാരമുള്ള വില, ഇളവുചെയ്തതുക ഇവമൂന്നും കാണിക്കുന്ന രസീതിൻെറ മൂന്നുപ്രതികളും കൊടുക്കപ്പെടുന്നു. ഒരു രസീതു് ഉടമസ്ഥനും ഒരുരസീതു് മാക്കററാഫീസക്കും, ഒന്നു് ആഫീസിൽ സൂക്ഷിക്കുന്നതിനും ആണു്. മേൽപറഞ്ഞ വ്യാപാരനിബന്ധനകൾ കർഷകൻെറ രക്ഷയ്ക്കു് പയ്യാപ്തമാണു്.

ഇൻഡ്യൻ കർഷകൻ അവൻെറ (ഉത്തമർണ്ണനു്) സൌക്കാറിനു് വിധേയനായി മാത്രമേ കഴിഞ്ഞുകൂടുന്നുള്ളു. പണം കടംകൊടുക്കുന്നവൻ ഒരു വ്യാപാരിയും കൂടിയാണു്. ഉൽപ്പന്നങ്ങൾ അയാൾക്കുതന്നെ കൊടുക്കണമെന്നുള്ള കരാറിൻപേരിലാണു് പണം കടംകൊടുക്കുന്നതു്. വിളവു

കൾ ഉത്തമർണ്ണന്നു കൊടുക്കയല്ലാതെ കർഷകന്നു ഗത്യന്തരമില്ല. ഇതു കൊണ്ടു് ഒരു ക്ലിപ്തസമയത്തു് ഒരു ക്ലിപ്തവിലയ്ക്കു വില്ക്കുന്നതിന്നു മാത്രമേ അയാൾക്കു കഴിയുകയുള്ളു. പണംകൊടുക്കുന്നതിന്നു മുൻപുതന്നെ ഒരു ക്ലിപ്തവിലയ്ക്കു കൊടുത്തുകൊള്ളാമെന്നുകൂടികർഷകൻ ഉത്തമർണ്ണനോടു കരാർ ചെയ്യേണ്ടതായും വന്നുകൂടുന്നുണ്ടു്. ഇങ്ങനെ സാമാനങ്ങളുടെ താൽക്കാലികവിലനിരക്കുപോലും അവന് അറിയാൻ കഴിയുന്നില്ല. കൃഷിസ്ഥലത്തിന്റെ പാട്ടവും വായ്പയെടുത്തിട്ടുള്ള പണത്തിന്റെ പലിശയും മുതലിന്റെ ഒരു ഭാഗവും കൊടുത്തുതീർക്കുക, തന്റെ നിത്യാവശ്യങ്ങൾ നടത്തുക, ഇപ്രകാരമുള്ള വിഷമതകളോടു മല്ലിടുന്ന കർഷകന് തന്റെ വിളവു പാകമാകുന്നതുവരെ കാത്തിരിക്കുന്നതിനു് അവസരം ലഭിക്കുന്നില്ല. വിളവെടുപ്പുകാലത്തു് സാമാനങ്ങളുടെ വില ഇടിഞ്ഞിരിക്കുന്ന അവസരത്തിൽ തന്നെ ഉൽപ്പന്നങ്ങൾ വില്ക്കുന്നതിന് കർഷകൻ നിർബന്ധിതനാകുന്നു. എന്നാൽ സഹകരണസംഘങ്ങളിൽനിന്നും പണം കടം എടുക്കുന്ന ആൾ ഈ മാതിരി വിഷമതകൾക്ക് അധീനനാകേണ്ട ആവശ്യം ഉണ്ടാകുന്നില്ല.

വിദ്യാഭ്യാസശൂന്യത, ശരിയായ വ്യാപാരസ്ഥലങ്ങളുടെ കുറവു്, ഉൽപ്പന്നങ്ങളുടെ ഗുണങ്ങൾക്ക് ഐകരൂപ്യമില്ലായ്മ, ഇവയാണ് കർഷകരുടെ അഭിവൃദ്ധിക്ക് ബാധകമായി തീർന്നിരിക്കുന്നതു്. ക്രേതാക്കൾക്ക് അവർ എന്തു സാധനമാണു് വാങ്ങിക്കുന്നതെന്നറിയുന്നതിനു്, പരിശോധന, സാമ്പിൾകൊടുക്കൽ, തരംതിരിക്കുക ഇവ മൂന്നും ആവശ്യമാണു്. സാധനങ്ങളെ പരിശോധിച്ചറിയുക എന്നതു് എല്ലായ്പോഴും സാധിച്ചു എന്നു വരുന്നതല്ല. എന്നാൽ സാംബിൾകൊടുത്തുള്ള ഉടമ്പടിക്ക് തരംതിരിക്കൽ ആവശ്യമാണു്. സാധനങ്ങൾക്ക് ഐകരൂപ്യമില്ലാത്തതിനാൽ തരംതിരിക്കുന്നതും വലിയ പ്രയാസംതന്നെ. തരംതിരിക്കുക എന്ന ജോലി നടത്തുന്നെങ്കിൽ അതു് മദ്ധ്യസ്ഥന്മാർ മാത്രമാണു്. ഈ മദ്ധ്യസ്ഥന്മാരുടെ കുതന്ത്രങ്ങളിൽനിന്നും സാധുക്കളായ കർഷകരെ രക്ഷിക്കുന്നതിനുള്ള ഏക മാർഗ്ഗം ഉല്പാദകനേയും വിനിയോജകനേയും കൂടുതൽ സമീപിപ്പിക്കുകയാകുന്നു. ഇതു് വില്പനസംഘങ്ങൾകൊണ്ടും കോവാപ്പറേറ്റീവ് യൂണിയൻകൊണ്ടും ഏറെക്കുറെ പരിഹരിക്കാവുന്നതാണു്. അഗ്രിക്കൾച്ചറൽനോൺക്രെഡിറ്റ് സൊസൈറ്റിയുടെ ആണ്ടുതോറുമുള്ള വല്ധനവു് കർഷകന്മാരുടെ ആദായത്തിനു് ഒരു പ്രധാന ലക്ഷ്യമാണു്.

൧൯൨൪-ൽ ബോംബേ പ്രസിഡൻസിയിലുണ്ടായിരുന്ന ഈ മാതിരി സംഘങ്ങളുടെ സംഖ്യ ൫൯ മാത്രമായിരുന്നു. എന്നാൽ ൧൯൨൭ ജൂൺ ൩൦-ാം തീയതിയോടുകൂടി മേൽപറഞ്ഞ സംഘങ്ങളുടെ സംഖ്യ ൫൯-ൽനിന്നും ൩൩൨ വരെ വൎദ്ധിച്ചതായിക്കാണുന്നു. അവിടെ വില്പന ചെയ്യുന്ന ഉല്പന്നങ്ങളുടെ സ്വഭാവം അനുസരിച്ച് ഈ സംഘങ്ങളെ തരം തിരിച്ചിരിക്കുന്നു.

ഗുജറാററിലും മററു സ്ഥലങ്ങളിലും പഞ്ഞി വില്പനസംഘങ്ങൾ ശരിയായി പ്രവൎത്തിച്ചുവരുന്നു. ക്യാൻറിഷിൽ കുറെ അധികംഭാഗം പഞ്ഞി കൃഷിക്കായി വിനിയോഗിച്ചുവരുന്നു. ഈ ഡിസ്ട്രിക്കിൽ കോവാപ്പറേറീവ് വ്യവസ്ഥയിൽ പഞ്ഞി വില്പനനടത്തുവാൻ ആദ്യമായി ശ്രമിച്ചതു ബോംബേ കോവാപ്പറേററീവ് ബാങ്കിൻെറ ഷേർപ്പൂർ ബ്രാഞ്ചായിരുന്നു. ഒരു ക്രയവിക്രയ യൂണിയനിൽ അംഗങ്ങളായി അനേകം സംഘങ്ങളോ വ്യക്തികളോ ഉണ്ടായിരിക്കും. സ്വന്തമായ ലാഭത്തെ ഉദ്ദേശിച്ചെങ്കിലും വ്യക്തികൾ, സംഘങ്ങൾ ചെയ്യുന്ന കൃത്യങ്ങളെല്ലാം നിൎവഹിച്ചുപോരുന്നു. അംഗങ്ങളുടെ നിയന്ത്രണത്തിലും ശ്രദ്ധയിലുമാണ് ഒരു സൊസൈററിയുടെ വിജയം സ്ഥിതി ചെയ്യുന്നത്.

നമ്മുടെ രാജ്യത്ത് സംഘാംഗങ്ങൾ സംഘം മുഖേനമാത്രമേ വില്പന നടത്താവൂ എന്ന് പ്രത്യേകം നിൎബന്ധമില്ല. നേരേമറിച്ച് ചില രാജ്യങ്ങളിൽ സംഘങ്ങൾ മുഖാന്തിരമല്ലാതെ കച്ചവടം നടത്തുന്നവൎക്ക് ചില പ്രായശ്ചിത്തംകൂടി കല്പിച്ചിട്ടുണ്ട്. കച്ചവടം നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഉടമസ്ഥനും മദ്ധ്യസ്ഥനും പണത്തിൻെറ ആവശ്യമുണ്ട്.

മദ്ധ്യസ്ഥന്മാരെ ബാങ്കുകാരോ ഉത്തമൎണ്ണന്മാരോ സഹായിക്കാറുണ്ട്. കൎഷകന്മാൎക്കാകട്ടെ പണസംബന്ധമായ വിഷമതകളാൽ തങ്ങളുടെ വിളവുകൾക്ക് ശരിയായ വില കിട്ടുന്ന കാലംവരെ കാത്തിരിക്കാൻ സാധിക്കുന്നില്ല. കടച്ചിൽവ്യവസായശാലക്കാർ വിളവുജാമ്യത്തിൻമേൽ പണം മുൻകൂറായി കടം കൊടുക്കാറുണ്ട്. ഇതുപോലെ പരസ്പരസഹായസംഘങ്ങൾ, പരസ്പരസഹായസംഘവില്പനശാലകൾ, ബാങ്കുകൾ മുതലായ സ്ഥാനങ്ങളിൽനിന്നും കൎഷകന് പണം കടം കൊടുക്കാറുണ്ട്. ഇവിടെ സാധനങ്ങൾ ശേഖരിക്കുന്നതിനുള്ള സൌകൎയ്യങ്ങൾ വളരെ അപൂൎവമാണ്. ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കണമെങ്കിൽ സംഭരണശാലകൾ ആവശ്യമുണ്ട്. സംഭരണശാലകൾ സാമാനങ്ങൾ ശേഖരിക്കുന്നതിനു മാത്രമല്ല സാധനജാമ്യത്തിന്മേൽ പണം കടം എടുക്കുന്നതിനും സൌകൎയ്യപ്രദമായി

രിക്കുന്നു. ധാരാളം വസ്തുക്കൾ കൃഷിചെയ്യുന്ന ആളുകളാണ് ഈ വിധം സാധനജാമ്യത്തിന്മേൽ പണം കടം എടുക്കുന്നത്. ഈ കൂട്ടർ വളരെ ചുരുക്കമാണല്ലോ. ഈ സംഘങ്ങളിൽ അംഗങ്ങളായിരിക്കുന്നവർക്കാണ് ഇപ്രകാരം പണം മുൻകൂറായി കിട്ടാൻ സൌകര്യം ഉള്ളത്. ഇതിനും പുറമേ ഈ സംഘങ്ങൾ അംഗങ്ങൾ അവശ്യപ്പെടുന്ന വിത്തുകൾ മുതലായതും നൽകിവരുന്നുണ്ട്. വില്പനശാലകളിൽ വിത്തുകൾ വാങ്ങി സൂക്ഷിക്കുന്നതിനും പണം അവശ്യമുണ്ട്. സംഘാംഗങ്ങളിൽനിന്നും വിത്തുകളുടെ അവശ്യം എത്രമാത്രമെന്ന് അറിഞ്ഞതിനു ശേഷം അവശ്യാനുസരണം വാങ്ങിസൂക്ഷിക്കും. ഈ ഏർപ്പാടുകൊണ്ട് കൃഷിക്കാർക്ക് യഥാകാലങ്ങളിൽ നല്ലവിത്തുകൾ ന്യായമായ വിലയ്ക്ക് ലഭിക്കുന്നു. മററുതരത്തിൽ വിത്തുവാങ്ങുന്നവർക്ക് കൂടുതൽവില കൊടുക്കേണ്ടതായി വരുകയും വിത്തുകളുടെ മേന്മയെ മനസ്സിലാക്കുന്നതിനുപോലും സാധിക്കാതിരിക്കയും ചെയ്യുന്നു.

ഇപ്പോൾ നടപ്പിലിരിക്കുന്ന സഹകരണവ്യാപാരസൌകര്യങ്ങൾകമ്മീഷൻഏജൻറന്മാരെപ്പോലെയോ ദല്ലാലുകാരെപ്പോലെയോ പ്രയോജനപ്പെടുന്നതല്ലാതെ അംഗങ്ങളുമായി നേരിട്ടു വ്യാപാരം നടത്താത്തതു നിമിത്തം പണസംബന്ധമായ യാതൊരു ചുമതലകളും വഹിക്കാതെയാണിരിക്കുന്നത്. കച്ചവടം അഭിവൃദ്ധിപ്പെടുന്നതിന് പണം കടം എടുക്കുന്നതിനുള്ള സൌകര്യങ്ങൾ അത്യാവശ്യമാണെന്നു നാം മനസ്സിലാക്കിയിട്ടു കാലം അധികമായിട്ടില്ല. കച്ചവടസൌകര്യങ്ങൾ വ്യാപരിക്കുന്നതിന് ശരിയായ രൂപീകരണവും സംഘടനയും ഏററവുംപ്രയോജകീഭവിക്കുന്നു. ഈ സംഘടനയുടെ പ്രവത്തനത്തിൽ മുൻപറഞ്ഞ എല്ലാ സംഗതികളും ഉൾക്കൊണ്ടിരിക്കേണ്ടതാണ്. ടൌണിലും വിദേശങ്ങളിലും ഉള്ള ക്രയവിക്രയശാലകൾ തമ്മിൽബന്ധമുണ്ടായിരിക്കണം. വില്പനകേന്ദ്രങ്ങൾക്ക് അവയുടെ ശാഖകൾമുഖാന്തിരമോ ഏജൻറന്മാർമുഖാന്തിരമോ സാധനങ്ങൾ കർഷകനോടു നേരിട്ടുവാങ്ങുന്നതിനുള്ള ഏർപ്പാടുണ്ടായിരിക്കണം. ഇപ്രകാരം നേരിട്ടുള്ള കച്ചവടം അംഗങ്ങൾക്ക് തങ്ങളുടെ സാമാനങ്ങൾക്ക് കൂടുതൽ വില കിട്ടുന്നതിനു സഹായിക്കുന്നതുകൂടാതെ സഹകരണസംഘങ്ങളിലേക്കു അവരുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനും പര്യാപ്തമായി ഭവിക്കുന്നു. പരസ്പരസഹായസംഘ വില്പനശാലകൾമുഖേന സംഘാംഗങ്ങൾക്ക് വില്പനയ്ക്കുള്ള സാമാനങ്ങൾ മുഴുവൻ വില്ക്കുന്നതിനും സ്വാഗ്രഹങ്ങളിലാവശ്യ

മുള്ള സാമാനങ്ങൾ എല്ലാം അവിടെനിന്നുതന്നെ വാങ്ങിക്കുന്നതിനും ഉള്ള സൌകര്യങ്ങൾ ഉണ്ടായിരിക്കയും ഈ വില്പനശാലകളിൽ ലഭിക്കുന്ന ലാഭത്തിൻെറ ഒരോഹരി സംഘാംഗങ്ങൾക്കുകൂടി വിതരണം ചെയ്കയും വേണ്ടതാണ്. ഈ മാതിരി പ്രവൎത്തനങ്ങളെല്ലാം സംഘാംഗങ്ങൾക്ക് ഏററവും പ്രോത്സാഹജനകമായിരിക്കും.

മദ്രാസിലെ കൈത്തറിനെയ്ത്തുകാരുടെ സംഘം.

(ദിവാൻബഹദ്ദൂർ ടി. എ. രാമലിംഗംചെട്ടിയാർ.)

ഇന്ത്യയിൽ കൃഷികഴിഞ്ഞാൽ പിന്നെ ഏററവും പ്രധാനമായ വ്യവസായം കൈത്തറിനെയ്ത്താകുന്നു. കൈത്തറിച്ചരക്കുകളുടെ നിൎമ്മാണത്തിൽ എല്ലാ പ്രവിശ്യകളിലും വെച്ചു മദ്രാസ്സിനാണ് പ്രഥമസ്ഥാനം. വിദേശങ്ങളിൽനിന്ന് ഇറക്കുമതിചെയ്യപ്പെടുന്ന തുണിച്ചരക്കുകളുടെ കച്ചവടമത്സരം മൂലവും ഈ രാജ്യത്തുള്ള മില്ലുകളിലെ ഉൽപാദനവൎദ്ധനമൂലവും നെയ്ത്തുകാർ കഷ്ടിച്ചു കൃത്യം കഴിക്കുന്നതിന്നുതന്നെ വിഷമിച്ചു തുടങ്ങിയിരിക്കുന്നു. കൈത്തറിനെയ്ത്തിനേയും അതിനോടനുബന്ധിച്ച മററു വ്യവസായങ്ങളേയും ആശ്രയിച്ചു കഴിയുന്ന ജനങ്ങൾ ഈ പ്രവിശ്യയിൽ ൩൦ ലക്ഷത്തോളം ഉണ്ടെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു രാജ്യക്ഷേമതൽപരന്മാർ ഈ വ്യവസായത്തേയും അതിനോടു സംബന്ധിച്ചു നില്ക്കുന്ന മററു വ്യവസായങ്ങളേയും പരിശോധിക്കുകയും അവയെ പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമായിത്തീൎന്നിരിക്കുന്നു.

കൈത്തറിവ്യവസായത്തിൽ നൂൽച്ചെലവു് കുറഞ്ഞുപോയിട്ടില്ലെങ്കിലും ആദായകരമായ മററു പല തൊഴിൽവിഭാഗങ്ങളും "നില്ക്കള്ളി" യില്ലാതെ അസ്തമിച്ചുകഴിഞ്ഞിരിക്കുന്ന കൈനെയ്ത്തുചരക്കുകളിൽ വില കുറഞ്ഞ ചരക്കുകൾകൂടി ജപ്പാൻചരക്കുകളുടെ കിടമത്സരംമൂലം വിററഴിയുവാൻ വിഷമമായിട്ടുണ്ടു്.

ഈ വ്യവസായത്തിൻെറ സാമ്പത്തികസ്ഥിതിയും തൃപ്തികരമാണെന്നു പറഞ്ഞുകൂടാ. നെയ്ത്തുകാർ വലിയ ദരിദ്രന്മാരും കിട്ടുന്ന കൂലിയെ

മാത്രം ആശ്രയിച്ചു കഴിഞ്ഞുകൂടുന്നവരുമാണ്. മദ്ധ്യവർത്തികളായ വ്യാപാരികൾ, നൂൽ അഡ്വാൻസായി വാങ്ങികൊടുക്കുന്നു. അവർ നിശ്ചയിച്ച വിലയ്ക്കുതന്നെ നെയ്ത്ത വസ്ത്രം മടക്കി എടുക്കുന്നു. ഇങ്ങനെ കൊടുക്കുന്ന വില സംഖ്യ നെയ്ത്തുകാരൻെറ നിത്യച്ചെലവിനുതന്നെ മതിയാകാതെയാണ് വരുന്നത്. ഈ ചുരുങ്ങിയ കൂലിക്കുതന്നെ എല്ലായ്പ്പോഴും അവക്കു ജോലി കിട്ടുന്നില്ല. എന്തുകൊണ്ടെന്നാൽ ചരക്കിനു ചെലവുള്ളപ്പോൾ മാത്രമേ കച്ചവടക്കാരൻ നെയ്ത്തുകാരനെ ഈ പണം ഏല്പിക്കുന്നുള്ളു. ഇങ്ങനെ കച്ചവടക്കാരുടെ സഹായമില്ലാതെ നെയ്ത്തുകാക്ക് എന്നും തൊഴിലുണ്ടാകാൻ സാധിക്കുന്നില്ല. നെയ്ത്തുകാരന് വിക്രയസൌകര്യങ്ങളുമില്ല. അയാൾ സ്വന്തമായികുറച്ചു നൂൽ വാങ്ങുവാൻ ഇടയായാൽ അത് ഉണ്ടാക്കിയ വസ്ത്രം അന്നു വൈകുന്നേരം തന്നെ കിട്ടിയ വിലയ്ക്കു വില്ക്കേണ്ടിവരുന്നു. വ്യാപാരികൾ കൊടുത്തു ഏല്പിച്ചിട്ടുള്ള നൂലിൽ ഒരു ഭാഗം മോഷ്ടിച്ചു വെയ്ക്കുവാനും അയാൾ മടിക്കുന്നില്ല. നെയ്ത്ത വസ്ത്രം നിശ്ചിത അളവിൽ കുറഞ്ഞും ഗുണം പോരാതെയും വരുന്നു. ഇങ്ങനെ അയാളുടെ തൊഴിൽ ദൂഷിക്കുകയും അയാളിൽ വിശ്വാസം കുറഞ്ഞു വരുകയും ചെയ്യുന്നു. നെയ്ത്തുകാരിൽ അധികംപേരും മദ്യപാനികളാണ്. അവരുടെ കുടുംബങ്ങൾ എന്നും ദാരിദ്ര്യത്തിൽ ആണ്ടുകിടക്കുന്നു. മുൻപു തന്നെ ഇതായിരുന്നു സ്ഥിതി. വില ചുരുങ്ങിയ ജപ്പാൻ ചരക്കുകൾ ഇറക്കുമതി ചെയ്യുകയും ആദായവിലയ്ക്കുള്ള മിൽച്ചരക്കുകൾ വദ്ധിക്കുകയും ചെയ്തതോടുകൂടി നെയ്ത്തുകാരുടെ സ്ഥിതി കൂടുതൽ ദയനീയമായിത്തീൎന്നു. ചില പ്രത്യേകതരം വസ്ത്രങ്ങൾ (കരയിട്ടവസ്ത്രങ്ങൾ) മില്ലുകളിൽ ഉണ്ടാക്കുവാൻ തുടങ്ങി. ഇപ്പോൾ ഈ മിൽച്ചരക്കുകൾ അധികം ആളുകൾ വാങ്ങി വരുകയും ചെയ്യുന്നു. വെളിപ്പിക്കാത്ത ജപ്പാൻ ശീലത്തരങ്ങൾ വരുത്തി ഇവിടെ ചായം കൊടുക്കുന്നു. ഇവയെ സാരികളുടെ സ്ഥാനത്തു വില്ക്കുകയും ചെയ്യുന്നു. ഇവിടെ ചായമിട്ടിട്ടുള്ള ഈ ജപ്പാൻസാരികളുടെ കിടമത്സരംമൂലം സേലം, മധുര, തഞ്ചാവൂർ എന്നീ ജില്ലകളിലെ നെയ്ത്തുകാർ തൊഴിലില്ലാത്തവരായി തീൎന്നിട്ടുണ്ട്. സ്ഥിതി അകല്പാടെ അധികം വിഷമത്തിലായിരിക്കുന്നു.

ഇന്ത്യയും ജപ്പാനും തമ്മിൽ ൧൯൩൩-ൽ നടത്തിയ വ്യാപാരപരമായ കൂടിയാലോചനാസമയത്തു നെയ്ത്തുകാരുടെ വിഷമസ്ഥിതി ഗവ

മ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരികയുണ്ടായി. ൨൦-ാം നമ്പർവരെ നൂലുകൾ മില്ലുകളിൽ ഉപയോഗിക്കുവാൻ അനുവദിക്കരുതെന്നു് അന്നു ആവശ്യപ്പെടുകയുണ്ടായി. ൨൦-ാം നമ്പർ വരെയെങ്കിലും നെയ്ത്തുകാൎക്കു കുത്തകാവകാശമുണ്ടാകുമല്ലൊ എന്നായിരുന്നു സമാധാനം. ചില പ്രത്യേകതരം വസ്തുങ്ങളുടെ കാൎയ്യത്തിലും നിബന്ധന ഏൎപ്പെടുത്തി നെയ്ത്തുകാരെ സഹായിക്കണമെന്നു് അന്നു ആവശ്യപ്പെടുകയുണ്ടായി. നെയ്ത്തുകാർ ഉപയോഗിക്കുന്ന നൂലിനു ഇറക്കുമതിച്ചുങ്കം ഏൎപ്പെടുത്തുന്നതായാൽ മില്ലുകളുമായുള്ള മത്സരത്തിൽ അവൎക്കതു വലിയ പ്രതിബന്ധമായിത്തീരും. ഈ സംഗതിയും ഗവൎമ്മെണ്ടിനെ ബോദ്ധ്യപ്പെടുത്തുകയുണ്ടായി. ഈ നിവേദനങ്ങളെപ്പററിയെല്ലാം ആലോചിച്ചശേഷം അപേക്ഷിച്ച ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുവാനല്ല ഗവൎമ്മെണ്ടു തീരുമാനിച്ചതു്. നെയ്ത്തുകാരുടെ സംഘടനയ്ക്കും അവരുടെ ചരക്കുകളുടെ വിക്രയസൌകൎയ്യവൎദ്ധനയ്ക്കും വേണ്ടി ഒരു സഹായധനം നൽകാമെന്നാണു് നിശ്ചയിച്ചതു്. ഈ ആനുകൂല്യങ്ങൾകൊണ്ടു മാത്രം മതിയാകുന്നതല്ലെന്നു പ്രസ്തുത പ്രശ്നത്തെപ്പററി ആലോചിച്ചിട്ടുള്ളവൎക്കെല്ലാം ബോദ്ധ്യമാകും. ചില പ്രത്യേകതരം വസ്തുങ്ങൾ നെയ്യാനുള്ള കുത്തകാവകാശം കൈത്തറിനെയ്ത്തുകാൎക്കു വിട്ടുകൊടുത്തല്ലാതെ അവരെ രക്ഷിക്കാൻ കഴിയുന്നതല്ല.

കൈത്തറിനെയ്ത്തു വ്യവസായത്തിൻെറ പരിപോഷണാൎത്ഥം കൊല്ലംതോറും ൧൦ ലക്ഷം രൂപാവീതം ൫ കൊല്ലം ഒരു സഹായധനം നൽകുന്നതാണെന്നു ഇന്ത്യാഗവൎമ്മെൻറു ൧൯൫൩-൫൪-ൽ പ്രഖ്യാപനം ചെയ്തു. ഇതിൽ അധികഭാഗവും സംസ്ഥാനഗവൎമ്മെണ്ടുകൾ മുഖാന്തരം ചെലവഴിക്കുവാനായിരുന്നു നിശ്ചയം. ഓരോ സംസ്ഥാനത്തിലേക്കും നീക്കിവെച്ച സംഖ്യ പ്രസ്തുത വ്യവസായത്തെ സഹായിക്കുവാൻ ചെലവഴിക്കേണ്ടതിലേക്കായി ഓരോ സ്കീം തയാറാക്കുവാൻ സംസ്ഥാനഗവൎമ്മെൻറുകളോടു് ആവശ്യപ്പെട്ടു. കൈത്തറിനെയ്ത്തു് അധികം നടക്കുന്നതു് മദ്രാസിലാണെങ്കിലും, മദ്രാസ്സിലേക്കു ൪൯,൨൦൦ രൂപാ മാത്രമേ കിട്ടുന്നുള്ളു; ബങ്കാളിലേയ്ക്കു് ൮൦,൦൦൦ രൂപായും ഐക്യസംസ്ഥാനത്തിലേയ്ക്കു് ൭൨,൦൦൦ രൂപായും നീക്കിവെച്ചിട്ടുണ്ടു്. മദ്രാസിലെ വ്യവവസായഡയറക്ടർ ഒരു പ്രവിശ്യാസഹകരണസംഘം സ്ഥാപിക്കുവാൻ അഭിപ്രായപ്പെട്ടു കൈത്തറിനെയ്ത്തുകാരോടു അനുഭാവമുള്ളവരും, നെയ്ത്തുകാൎക്കു് ആവശ്യമുള്ള അസംസ്കൃതസാധന

ങ്ങൾതയ്യാറാക്കുന്ന കമ്പനികളും, നെയ്ത്തുകാരുടെ രക്ഷയ്ക്കായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പരസ്പരസഹായ സംഘങ്ങളും അംഗങ്ങളായി ചേൎന്നു ൫ ലക്ഷം രൂപാ മൂലധനത്തോടുകൂടി ഒരു പ്രവിശ്യസംഘം സ്ഥാപിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. സംഘങ്ങൾക്കു ധനസഹായം നല്കുന്നതിനു സക്കാർഗ്രാൻറായ ൫൯,൫00 ക. ഒട്ടും മതിയാകയില്ലെന്നു അദ്ദേഹംമനസ്സിലാക്കി. അതുകൊണ്ടു് ഈ സംഖ്യ സംഘഭരണത്തിനായി ചെലവാക്കാൻ അദ്ദേഹം അഭിപ്രായപ്പെട്ടു. ഗ്രാണ്ടുമുഴുവൻ പ്രവിശ്യസംഘത്തിൻെറ താല്ക്കാലികവും സ്ഥിരവുമായ ചെലവിലേയ്ക്കു നീക്കിവെയ്ക്കുക; സംഘടിതസംഘങ്ങൾക്കു ആവശ്യമുള്ള പണം ഓഹരി പിരിച്ചും വായ്പയെടുത്തും സ്വരൂപിക്കുക ഇതായിരുന്നു അദ്ദേഹത്തിൻെറ പ്ലാൻ.

ഈ സംഘം ൧൯൩൫ ഏപ്രിൽ മാസത്തിൽ സ്ഥാപിതമായി; ആഗസ്റ്റിൽ ജോലി ആരംഭിക്കയും ചെയ്തു. ആദ്യത്തെ ഡയറക്ടർമാരെ നിശ്ചയിച്ചതു അപ്പോൾ മാത്രമായിരുന്നു. അതുകൊണ്ടു് അതിനും മുമ്പു ജോലി ആരംഭിക്കുവാൻ സാധിച്ചില്ല. വ്യവസായ ഡയറക്ടർ, ടെക്സ്റ്റൈൽ എക്സ്പാട്ട് പരസ്പരസഹായസംഘംരജിസ്ത്രാർ ഇവരെല്ലാം ഡയറക്ടർബോർഡിലെ ഉദ്യോഗസ്ഥ മെമ്പറന്മാരാണു്. ആദ്യത്തെ ഡയറക്ടർമാരെല്ലാം ഗവമ്മെണ്ടു നോമിനേററു ചെയ്തവരാണു്. ഒരു കൊല്ലത്തിനുശേഷം പുതിയബോർഡ് തെരഞ്ഞെടുക്കപ്പെട്ടു.

സംസ്ഥാനത്തിൽ അതാതിടത്തു കൊല്ലത്തിൽ ൭0 പ്രാഥമികസംഘങ്ങൾ വീതം തുടങ്ങണമെന്നായിരുന്നു സ്കീം. അവയിൽ ഉണ്ടായിരുന്നതായ ചരക്കുകളുടെ വില്പനയ്ക്കായി ൫ മാക്കററിങ്ങ് ഉദ്യോഗസ്ഥന്മാരേയും മദ്രാസിൽ ഒരു മാക്കററിങ്ങ് ഉദ്യോഗസ്ഥനേയും നിയമിക്കാനും നിശ്ചയിച്ചിരുന്നു. നെയ്ത്തുകാൎക്കു വേണ്ട അസംസ്കൃതസാധനങ്ങൾ പ്രാഥമിക സംഘങ്ങൾമുഖേന നല്കാനും വ്യവസായം കൊണ്ടുണ്ടാകുന്ന ചരക്കുകൾ അതാതിടങ്ങളിലൊ മദ്രാസിലൊ വിൽക്കാനുമായിരുന്നു ഉദ്ദേശം. എല്ലാഘട്ടങ്ങളിലുമുള്ള പണച്ചുമതല പ്രവിശ്യസംഘംതന്നെ വഹിക്കും. ഇതിനും പുറമെ, തറിക്കുവേണ്ട സാമഗ്രികൾ നിൎമ്മിക്കുന്നതിനു് വേണ്ട യന്ത്രങ്ങൾ സ്ഥാപിക്കുവാൻ ഗ്രാൻറു സംഖ്യയിൽ നിന്നും ൧0,000 രൂപ നീക്കിവക്കയും ചെയ്തു. ഉല്പാദനച്ചെലവു ചുരുക്കുവാനുള്ള മാൎഗ്ഗങ്ങൾ കണ്ടുപിടിക്കയും ചരക്കുകൾക്കു കഴിയുന്നതും വില ചുരുക്കുകയും വില്പന വൎദ്ധിപ്പിക്കയും ചെ

യ്യാനുദ്ദേശമുണ്ട് ചായപ്പണി നടത്തുന്ന ഒരു ഫാക്ടറിയും നടത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

പ്രാഥമികസംഘങ്ങളുടെ സങ്കേതങ്ങളിൽ വിററഴിയത്തക്ക ചരക്കുകൾ ഏതെല്ലാമെന്ന് പരിശോധിച്ചറിഞ്ഞു് അവയെ നിമ്മിക്കാൻ പുറപ്പെട്ടാൽ മാത്രമേ കൈനെയ്ത്തു ചരക്കുകൾക്കു ധാരാളം ചെലവുണ്ടാകയുള്ളു. അതുപോലെ പുറം രാജ്യങ്ങളിൽ അവശ്യമുള്ള ഇനങ്ങൾ മനസ്സിലാക്കി അവസ്ഥം സംഘങ്ങൾ ഉണ്ടാക്കി തുടങ്ങണം. മേൽ പ്രസ്താവിച്ച രീതിയിൽ സംഘപ്രവത്തനം നടത്തത്തക്കവണ്ണമുള്ള ഒരു പദ്ധതിയാണു് രൂപീകരിച്ചിരിക്കുന്നതു്.

മദ്രാസ്സിൽ ഒരു മാക്കററിങ്ങ് ഓഫീസരേയും ഉൽപ്പാദനസംഘങ്ങളുടെ മേൽനോട്ടത്തിനായി ൧ സൂപ്പർവൈസർമാരെയും നിയമിച്ചുകൊണ്ടാണു സംഘം പ്രവൃത്തി ആരംഭിച്ചതു്. ഈ സൂപ്പർവൈസർമാർ പ്രാഥമികസംഘങ്ങളുടെ മാക്കററിങ്ങ്. ഏജണ്ടന്മാരുമാണ് നെയ്ത്തുകാരുടെ സംഘങ്ങൾ മിക്കവയും നിർജ്ജീവങ്ങളായിരുന്നു. അതുകൊണ്ടു് ജോലി ശരിയായി ആരംഭിക്കുന്നതിനു മുമ്പു് ഈ സംഘങ്ങൾ പുനരുദ്ധരിപ്പിക്കുകയൊ പുതിയ സംഘങ്ങൾ സ്ഥാപിക്കുകയോ ചെയ്യേണ്ടതായിവന്നു. ഫന്ന സംഘങ്ങൾക്കു അവശ്യമുള്ള നൂൽ നല്കുന്നതിന് മില്ലുകളിൽ ഏപ്പാടു ചെയ്ത പ്രവിശ്യാസംഘം അതിനു ജാമ്യംനിന്നു അവയിൽ ൪൦ എണ്ണത്തിന്നു നൂൽ കൊടുത്തു കഴിഞ്ഞിട്ടുണ്ടു്. പ്രവിശ്യാസംഘത്തിന്റെ ജാമ്യത്തിന്മേൽ നൂൽ നേരിട്ടു മില്ലുകളിൽനിന്ന് നല്കുന്നതായാൽ നെയ്ത്തുകാക്ക് ലാഭമുണ്ടാകുമെന്നാണ് വിശ്വാസം. എന്നാൽ ഇതു ശരിയല്ലെന്നും ഇപ്പോൾ ആക്ഷേപം കേട്ടുതുടങ്ങിട്ടുണ്ടു്. ഇന്ത്യൻമിൽ നൂലിനേക്കാൾ ജപ്പാൻ നൂൽ അധികം ആദായകരമാണെന്നും നെയ്ത്തുകാക്ക് ജപ്പാൻ നൂൽ നല്കേണ്ടതാണെന്നും ആവലാതി കേൾക്കുന്നുണ്ടു്. ജപ്പാൻ നൂലു ഏപ്പാടു ചെയ്യുന്നതിന് മദ്രാസിൽ ഏജണ്ടന്മാരില്ലാത്തതുകൊണ്ടു് ഇതുവരെ ഈ കാൎയ്യത്തിൽ ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല.

പ്രതീക്ഷിച്ചവിധം ഓഹരികൾ എടുത്തു കാണുന്നില്ല. ഓഹരിസംഖ്യയ്ക്കു് വലിയ ലാഭം കിട്ടുമെന്ന് വിശ്വസിക്കുവാൻ തരമില്ലല്ലോ, ഇതുവരെയായി ൨൦,൦൦൦ രൂപായുടെ ഓഹരികൾ മാത്രമേ അലോട്ടു ചെയ്തു കഴിഞ്ഞിട്ടുള്ളൂ. പ്രസ്ഥാനത്തോടു അനുഭാവവും നെയ്ത്തുകാരുടെ അഭ്യുദയത്തിൽ പ്രത്യേകതാല്പയ്യവുമുള്ള ജനങ്ങൾ ധാരാളം ഓഹരികളെടുക്കാൻ സന്നദ്ധരാ

യില്ലെങ്കിൽ സംഘംകൊണ്ട് നെയ്ത്തുകാർക്ക് വലിയ ഗുണമൊന്നുമുണ്ടാകയില്ല; പിരിഞ്ഞുകിട്ടിയ ഓഹരിസംഖ്യയെ ആശ്രയിച്ചിരിക്കും സഹായം കൊടുക്കുന്ന സംഘങ്ങളുടെ എണ്ണം. എന്തുകൊണ്ടെന്നാൽ നൂൽ നല്കുന്നകാര്യത്തിൽ മില്ലുകൾക്കു ജാമ്യം നില്ക്കുന്നതും സംഘങ്ങൾക്കു ധനസഹായം ചെയ്യുന്നതും ഈ ഓഹരിസംഖ്യയെ ആശ്രയിച്ചിരിക്കുമല്ലോ. നമ്മുടെ നാട്ടിൽ ഈ വ്യവസായത്തിന്റെ പ്രാധാന്യം എത്രമാത്രമുണ്ടെന്ന് പൊതുജനങ്ങൾ മനസ്സിലാക്കുമെന്നും അവർ ഔദാര്യപൂർവ്വം സംഘത്തിന്റെ ഓഹരികൾ എടുക്കുമെന്നും പ്രതീക്ഷിക്കട്ടെ.

വിക്രയമാണ് ഏററവും വിഷമമായ ജോലി. സഹകരണസംഘങ്ങൾ മുഖേനയും ചില്ലറ കച്ചവടക്കാർ മുഖേനയും വില്പനനടത്താൻ ഇതുവരെ ശ്രമിച്ചു. ചില്ലറ കച്ചവടക്കാർ ചുരുങ്ങിയ വിലയെ വെയ്ക്കുന്നുള്ളു. അവരുടെ നിരക്കിന് ചരക്കുകൾ കൊടുക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് വരുന്നകൊല്ലം തുടക്കത്തിൽ മധുര, ബെജ്‌വാഡ, കോഴിക്കോട്ട്, ഇവിടങ്ങളിൽ വില്പനയ്ക്കുള്ള ഓരോ ഡിപ്പോവും മദ്രാസിൽ ഒരു കേന്ദ്ര ഡിപ്പോവും സ്ഥാപിക്കുവാൻ തീർച്ചയാക്കീട്ടുണ്ട്. സംഘങ്ങളിൽ നിന്നയയ്ക്കുന്ന ചരക്കുകൾ വിൽക്കുന്ന കാര്യത്തിൽ ഈ ഡിപ്പോവുകൾ എത്രമാത്രം സഹായിക്കുമെന്ന് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. പുറമേക്കു കയററി അയയ്ക്കാനും ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്. പ്രവിശ്യസംഘത്തിന്റെ വിജയം പ്രാഥമിക സംഘങ്ങളുടെ ചരക്കുകൾ വിററഴിക്കുന്ന കാര്യത്തിൽ സംഘം ഉദ്യോഗസ്ഥന്മാർക്കുള്ള പ്രാപ്തിയെ ആശ്രയിച്ചിരിക്കും. ചരക്കുകൾ വിററുപോയില്ലെങ്കിൽ സംഘങ്ങളുടെ പ്രവർത്തനം നിർത്തേണ്ടിവരും അപ്പോൾ നെയ്ത്തുകാർക്കുസ്ഥിരമായ തൊഴിലില്ലാതാകയും ചെയ്യും. ചില സംഘങ്ങളുടെ ചരക്കുകൾ മദ്രാസിലെ പാർക്ക്ഫെയറിൽ പ്രദർശിപ്പിക്കുകയുണ്ടായി. ന്യായമായ വിലയ്ക്കു കൈനെയ്ത്തു ചരക്കുകൾ കിട്ടാൻ സൌകര്യമുണ്ടെന്ന് ഈ പ്രദർശനംമൂലം ഉപഭോക്താക്കളെ ബോദ്ധ്യപ്പെടുത്തീട്ടുണ്ട്. പൊതുജനങ്ങൾക്ക് അവയിൽ തൃപ്തിയും വന്നിട്ടുണ്ട്.

ഉദ്യോഗസ്ഥന്മാരേയും മററും നിശ്ചയിച്ചു സംഘം ക്രമമായ ജോലി തുടങ്ങിയതു ഡിസംബർ മാസത്തിൽ മാത്രമാണ്. ഈ ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ അതിനെ എന്തുചെയ്യാൻ സാധിച്ചു. എന്നു പറയുന്നതു ശരിയല്ല. വില്പനഡിപ്പോവുകൾ സ്ഥാപിക്കുന്നതിന്റെ അവശ്യം ഏതായാലും കണ്ടു കഴിഞ്ഞു. ഉൽപാദനവിഷയത്തിലും വിക്രയവിഷയത്തിലും എന്തെല്ലാം അനുഭവങ്ങൾ ഉണ്ടാകുമെന്നു ദീർഘദർശനം ചെയ്യുന്നതു സുസാദ്ധ്യമല്ല. പല വിഷയങ്ങളും തരണം ചെയ്യേണ്ടതുണ്ട്.

—*—

ഇന്ത്യയിലെ കടലാസു വ്യവസായം.

(മി. കെ. ശങ്കരപ്പിള്ള.)

ലോകത്തിലെ വ്യത്യസ്തപ്പെട്ടു വരുന്ന സാമ്പത്തികസ്ഥിതികളനുസരിച്ചു് എല്ലാ നാട്ടുകളിലെ വ്യവസായങ്ങളേയും പുനഃസംഘടിപ്പിക്കേണ്ടതാണ്. ശാസ്ത്രീയവും വ്യാവസായികവുമായ പരിജ്ഞാനം വർദ്ധിക്കുകയും, ദേശീയ വ്യവസായ പരിപോഷണത്തിന് ഗവർമ്മെൻറു് ഔത്സുക്യം പ്രകടിപ്പിക്കുകയും ചെയ്യുന്നതനുസരിച്ചു് ഏവം വിധമായ പരിവർത്തനങ്ങളുടെ അത്യാവശ്യം നേരിടുന്നു.

സർവലോക സാമ്പത്തികാധഃപതനത്തെപ്പററി ചർച്ച ചെയ്യുകയല്ല, നമ്മുടെ ഉദ്ദേശം; എങ്കിലും പല നാട്ടുകളിലും, സാമ്പത്തികസ്ഥിതിയെ വിഗണിച്ചു് ബുദ്ധിശൂന്യമായി വ്യവസായങ്ങളെ വർദ്ധിപ്പിച്ചതാണ് ഈ അധഃപതനത്തിന് ഏറെക്കുറെ ഇട നല്കിയതു് എന്നുള്ളതു സത്യമാണ്. ഇതിൻെറ ഫലമായി സ്വദേശത്തും വിദേശങ്ങളിലുമുള്ള മാർക്കറ്റുകളിൽ പ്രകടിതമാകുന്ന നവീന വ്യവസായ സാമർത്ഥ്യത്തേയും തീക്ഷ്ണമായ മത്സരത്തേയും ആസ്പദമാക്കി, വ്യത്യസ്ഥപ്പെട്ടു വരുന്നപരിതഃസ്ഥിതികൾക്കു് അനുരൂപമായ നിയന്ത്രണത്തിന് എല്ലാ വ്യവസായങ്ങളും വിധേയമായിരിക്കുന്നു. പഞ്ഞി, ഇരുമ്പു്, ഉരുക്കു്, കല്ക്കരി, കപ്പൽ നിർമ്മാണം എന്നിവകളിൽ ബ്രിട്ടൻ സ്വീകരിച്ചിരിക്കുന്ന യുക്തിയുക്തമായ വിദഗ്ദ്ധപരിപാടി ഇതിന് ഉദാഹരണമാണ്.

മിക്കവാറും എല്ലാ രാജ്യങ്ങളിലും, സാമാനങ്ങളുടെ വിലയും, ലാഭവും തൃപ്തികരമാകത്തക്കവണ്ണം വ്യവസായം അഭിവൃദ്ധിപ്പെടുമ്പോൾ പ്രത്യേകമായോ ദേശീയമായോ ഉള്ള താൽപര്യങ്ങളെ വിഗണിച്ചുകൊണ്ടു് വ്യവസായത്തെ വർദ്ധിപ്പിക്കുന്നു. ഇപ്രകാരമുള്ള അനിയന്ത്രിതവും അനാശാസ്യവുമായ പ്രവൃത്തികളുടെ ഫലമായി ആദായം കുറയുകയും, ക്രമേണ അനാരോഗ്യപരമായ മാത്സര്യം വർദ്ധിക്കുകയും ചെയ്യുന്നു. ഇതിനെത്തുടന്നു് ഓരോ കക്ഷിയും അല്പലാഭഗ്രഹണത്തിനു ശ്രമിക്കുന്നു. എല്ലാ സാമ്പത്തികവിദഗ്ദ്ധന്മാരും നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ള ഒരു അവസ്ഥയാണ് ഇതു്.

ചില ഉദാഹരണങ്ങൾ.

അധഃപതനം, വ്യാവസായിക സ്ഥാപനഭരണത്തിനു അത്യാവശ്യമായ ദീർഘവീക്ഷണത്തിൻെറ അഭാവം, വിവിധവ്യവസായങ്ങളുടെ വൈ

പുല്യം ഇവകളുടെ ഫലമറിയുന്നതിന് ലങ്കാഷയറിലെ പഞ്ഞിവസ്ത്രവ്യവ സായത്തെ നോക്കിയാൽ മതി. സാമാനങ്ങൾ നിമ്മിക്കുകയും, വിററഴിക്കുക യും ചെയ്യുന്നതിൽ യുക്തിപൂവ്വമായ നിർദ്ദേശങ്ങളെ അനുസരിക്കുന്നപക്ഷം ലങ്കാഷയറിൽ മാത്രം ൫൦ ലക്ഷത്തിൽപരം 'സ്പിൻഡിൽസ്'' കുറയ്ക്കാൻ സാധിക്കുമെന്നു തെളിയുന്നു. ഇതിനുള്ള കാരണങ്ങൾ നമുക്ക് എളുപ്പം മന സ്സിലാക്കാവുന്നവയാണ്. വ്യവസായപരിഷ്കരണം, ഉല്പന്നനിയന്ത്രണം, സംഘടിതമായ മാക്കററിംഗ് വ്യവസ്ഥകൾ എന്നിവ മുഖേന അന്യോന്യ മത്സരം നശിക്കുകയും, അതേസമയത്തുതന്നെ യന്ത്രങ്ങളുടെ എണ്ണം കുറയു കയും, ലോകമത്സരത്തിൽ തൃപ്തികരമായി ഇടപെടുന്നതിനുള്ള ശക്തി സി ദ്ധിക്കുകയും ചെയ്യുന്നു. ഉദാഹരണങ്ങൾക്ക് നമുക്കു അത്രദൂരെ പോകണ മെന്നില്ല. ഇൻഡ്യയിലെ ചണവ്യവസായംതന്നെ നോക്കുക. ബുദ്ധിപൂവ്വ മായ നിയന്ത്രണത്തിൻെറ അഭാവത്താൽ ഉൽപന്നങ്ങൾ കുറയുകയും, ജോ ലിചെയ്യുന്ന സമയം കുറയ്ക്കുകയും, തൊഴിലില്ലായ്മ, വിലക്കുറവ് ഇവ ഉണ്ടാ വുകയും ചെയ്യുന്നു. അനാശാസ്യവർദ്ധനവിനെ അടിച്ചമത്താത്തപക്ഷം ഈ വ്യവസായത്തിന് സുസ്ഥിരമായ പുരോഗമനം അസാദ്ധ്യമാണ്.

പേപ്പർവ്യവസായത്തിൻെറ ഇന്നത്തെ നില.

പേപ്പർവ്യവസായം—പ്രത്യേകിച്ചു ഇൻഡ്യയിലേതു്—ഇപ്പോൾ ഭയ ങ്കരമായി അധഃപതിച്ചിരിക്കയാണ്. വ്യവസായത്തിൻേറയും രാജ്യത്തി ൻേറയും താൽപര്യങ്ങളെ വിഗണിച്ച്, പെട്ടെന്നുണ്ടാകുന്ന ലാഭത്തെമാത്രം ഉദ്ദേശിച്ച് ചില മുതലാളിമാർ നടത്തുന്ന അപഥസഞ്ചരണം നിർഭാഗ്യവ ശാൽ ലോകംമുഴുവനുമുള്ള കടലാസു വ്യവസായത്തെ വല്ലാതെ വിഷമിപ്പി ക്കുന്നു. ആരംഭംമുതൽ പേപ്പർനിമ്മാണത്തിലും കച്ചവടത്തിലും ഏപ്പെട്ടി രിക്കുന്ന അനേകം വ്യക്തികൾക്ക്. ഇതുമൂലം വലിയ നഷ്ടമുണ്ടാകുന്നുണ്ട്. യൂറോപ്പ്, ക്യാനഡാ, ഐക്യനാടുകൾ, ജപ്പാൻ മുതലായ രാജ്യക്കാർ ലോ കത്തുള്ള സകല മാക്കററുകളും കടലാസുകൊണ്ടുനിറയ്ക്കുന്നു എങ്കിലും ആവ ശ്യക്കാരുടെ അഭാവംനിമിത്തം അവർ അവരാൽ കഴിയുന്നതിൽനിന്നും വളരെ കുറവായി മാത്രമേ കടലാസു നിമ്മിക്കുന്നുള്ളു. ഉൽപന്നങ്ങളുടെ തോതു് വളരെ കുറവാകയാൽ വ്യവസായകേന്ദ്രങ്ങളിലെ വിലകൾക്കു സാര മായ വ്യത്യാസമുണ്ട്. ആവശ്യത്തിൽ കവിഞ്ഞുള്ള ഉൽപന്നങ്ങളെ, കുറ ഞ്ഞവിലയ്ക്ക്, അവയെ സ്വീകരിക്കുന്നതിനു സന്നദ്ധമായ ഏതു രാജ്യത്തു കൊണ്ടുപോയി മറിക്കുന്നതിനും അവർ തയ്യാറാണ്. കുറേക്കാലത്തേക്കു

ഇൻഡ്യ ഇതിനു പററിയ സ്ഥലമായിരുന്നു. അനേക പരീക്ഷണഘട്ടങ്ങൾ തരണംചെയ്തു് ഇന്നത്തെ സ്ഥിതിയിൽ എത്തിയിരിക്കുന്ന ഇന്ത്യൻപേപ്പർ വ്യവസായം ഇതിൻെറ ഫലമായി വളരെ വിഷമിക്കേണ്ടിവന്നു. ഒടുവിൽ ഗവൺമെൻറു് സഹായത്തിനെത്തുകയും, ഇവിടെ നിർമ്മിക്കാവുന്ന നല്ല തരം കടലാസുകളെ സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി സ്വീകരിക്കുകയും ചെയ്തു.

ഭാരതത്തിലെ കടലാസുവ്യവസായത്തെപ്പററി ചർച്ചചെയ്യുമ്പോൾ നമുക്കു നമ്മോടുതന്നെ ചില ചോദ്യങ്ങൾ ചോദിക്കാനുണ്ടു്. ഈ വ്യവസായം ഇവിടെ എത്രത്തോളം വളർച്ചയെ പ്രാപിച്ചിട്ടുണ്ടു്? ഇതിൻെറ പുരോഗമനത്തിനു മാർഗ്ഗങ്ങളുണ്ടോ? കൂടുതൽ കേന്ദ്രങ്ങൾ സ്ഥാപിക്കാമോ? ഈ വ്യവസായം ആദായകരമായ അഭിവൃദ്ധിയിലെത്തിയിട്ടുണ്ടോ? ഈ ചോദ്യങ്ങളെ നമുക്ക് സംക്ഷിപ്തമായി പരിശോധിക്കാം.

ഭാവിയിലെ അഭിവൃദ്ധി.

അച്ചടിക്കുന്നതിനും എഴുതുന്നതിനും ഉള്ള കടലാസുകൾ മാത്രമേ ഇൻഡ്യയിൽ നിർമ്മിക്കുന്നുള്ളു. വർത്തമാനപത്രത്തിനു് ഉപയോഗിക്കുന്നതുപോലുള്ള പലതരം വിലകുറഞ്ഞ കടലാസുകളും, മററുവിലകൂടിയ കടലാസുകളും ഇൻഡ്യയിൽ നിർമ്മിക്കുന്നില്ലെന്നു മാത്രമല്ല നിർമ്മിക്കുവാൻ കഴിയുകയുമില്ല. ഇൻഡ്യയിൽ വൻകാടുകൾ ഉണ്ടെങ്കിലും, സ്കാൻറിനേവിയായിലോ കാനഡായിലോപോലെ കടലാസു നിർമ്മാണത്തിനു ആവശ്യമുള്ള അസംസ്കൃതസാധനങ്ങളും, ശുദ്ധജലവും ഇവിടെ അത്ര ധാരാളമായി കിട്ടുന്നില്ല. ഇൻഡ്യൻപേപ്പറുകൾ ചെലവഴിക്കുന്ന തോതനുസരിച്ചുള്ള പുരോഗമനം വ്യവസായത്തിനും സിദ്ധിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

ഈ വ്യവസായത്തെ വിപുലപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകളെപ്പററി പ്രസ്താവിക്കുമ്പോൾ വേറൊരു സംഗതി പര്യാലോചിക്കേണ്ടിയിരിക്കുന്നു. ഇവിടെയുള്ള യന്ത്രശാലകളിൽ മൂന്നെണ്ണം അടച്ചുകഴിഞ്ഞിട്ടും, എഴുതുന്നതിനും അച്ചടിവേലകൾക്കുമുള്ള കടലാസുകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ സകല ആവശ്യങ്ങളും ശേഷമുള്ള മില്ലുകൾ നിറവേററുന്നു. ഇതിൽനിന്നും ഈ രണ്ടുതരം കടലാസുകളെപ്പററി നോക്കുകയാണെങ്കിൽ വ്യവസായവർദ്ധനയ്ക്കു് സ്ഥാനമില്ലെന്നു തെളിയുന്നുണ്ടു്. അതിനാൽ ഇവിടെ ഇപ്പോൾ നിർമ്മിക്കാത്ത ഏററവും കുറഞ്ഞതും ഏററവും കൂടിയതുമായ കടലാസിനെപ്പററി ചിന്തിക്കാം. എന്നാൽ ഇതു് ഒടുവിൽ പറഞ്ഞ രണ്ടുതരം

കടലാസുകൾ നിൎമ്മിക്കുന്നതിനുള്ള യന്ത്രശാലകൾ സ്ഥാപിച്ചു നടത്തത്തക്കവണ്ണം നമ്മുടെ നാട്ടുകാൎക്ക് ഈ വ്യവസായത്തിൽ പരിജ്ഞാനം സിദ്ധിച്ചിട്ടില്ല. നാണയക്കുഴപ്പങ്ങളേയും, ലോകസ്ഥിതിയുടെ അനിശ്ചിതാവസ്ഥയേയും പരിഗണിക്കുമ്പോൾ, പ്രായോഗിക പരിജ്ഞാനശൂന്യർ, ഈ പുതിയതരം കടലാസു നിൎമ്മിക്കുന്നതിന് മില്ലുകൾ സ്ഥാപിക്കുകയെന്നത് അത്ര ആശാസ്യമാണെന്നു തോന്നുന്നില്ല; ഇപ്പോഴത്തെസമയം അതിനു യോജിച്ചതുമല്ല; ഇൻഡ്യയിലേക്കു ഇറക്കുമതി ചെയ്യപ്പെടുന്ന കടലാസിൽ ൯൦ ശതമാനവും ഗവൎമ്മെൻറു സംരക്ഷണത്തിൽഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങളാണെന്ന് ഈ സന്ദർഭത്തിൽ മനസ്സിലാക്കുന്നത് രസാവഹമായിരിക്കും.

അടുത്തതായി കൂടുതൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനെപ്പററി ചിന്തിക്കാം. മുൻ പ്രസ്താവിച്ചതുപോലെ ഇന്നു നിലവിലിരിക്കുന്ന യന്ത്രശാലകളിൽ നിൎമ്മിക്കാത്ത കടലാസുകൾ ഉണ്ടാക്കുന്നതിനുള്ള മില്ലുകളാണ് സ്ഥാപിക്കേണ്ടത്. എന്നാൽ ഇന്നത്തെ സ്ഥിതിഗതികളെ വീക്ഷിക്കുമ്പോൾ കൂടുതൽ യന്ത്രശാലകൾ സ്ഥാപിക്കുന്നതിന് ഇന്നു എല്ലായിടത്തും നടത്തുന്ന ശ്രമങ്ങൾ ഫലപ്രദമാകുന്നപക്ഷം അതു വലിയൊരു നിർഭാഗ്യമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. പണം മുടക്കുന്നവൎക്കു മാത്രമല്ല നാട്ടിനും വലിയ നഷ്ടമുണ്ടാകുന്നതിനു പുറമേ, അഭ്യന്തരമായ അഭിവൃദ്ധിയെ പ്രാപിക്കുന്നപക്ഷം ജാജ്വല്യമാനവും, ഐശ്വൎയ്യപൂൎണ്ണവുമായ ഭാവിയുള്ള ഒരു വ്യവസായത്തിൽനിന്നും പൊതുജനങ്ങളെ ഭയപ്പെടുത്തി പരിപൂൎണ്ണമായി അകററുമെന്നുള്ളതുകൊണ്ടു് ഇതു് യഥാൎത്ഥത്തിൽ നാട്ടിനെ പൊതുവെ ബാധിക്കുന്ന ഒരത്യാഹിതമായി പരിണമിക്കുന്നതാണ്. ഈ വ്യവസായത്തെ വിപുലപ്പെടുത്തുന്നതിനുള്ള അവസരം വരുമ്പോൾ ഇന്നു ലാഭകരമായ പ്രവൎത്തനം നടത്തുന്ന മില്ലുകൾ അവയുടെ പുനരുദ്ധാരണത്തെ പ്രതീക്ഷിച്ചു് ഇന്നു അടച്ചിട്ടിരിക്കുന്ന യന്ത്രശാലകളെക്കൂടി സഹായിക്കുമെങ്കിൽ അതു് ഇതിനെക്കാൾ വളരെ ഉത്തമമായിരിക്കും.

അഭിവൃദ്ധിമാൎഗ്ഗങ്ങൾ:

ഈ വ്യവസായം ആദായപ്രദമായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെന്നുള്ള അഭിപ്രായത്തോട് എല്ലാവരും യോജിക്കും. ഇതു സമ്മതിക്കേണ്ടതു തന്നെ. എന്നാൽ ഗവൎമ്മെൻറിൻെറ സംരക്ഷണത്തിനു വിധേയമായിട്ടുള്ള ഇനങ്ങൾ മാത്രമേ ആദായകരമായിട്ടുള്ളു. മുൻപറഞ്ഞ രീതിയിൽ വിലകു

റവും കൂട്ടതലുമുള്ള കടലാസു നിമ്മിക്കുന്നതിനു ഇപ്പോൾ ലാഭകരമായി ശ്രമിക്കുന്നതിന് ഒരു യന്ത്രശാലയ്ക്കും സാധിക്കുകയില്ല. സംരക്ഷണം ലഭിച്ചിട്ടുള്ള കടലാസുകൾ ഉണ്ടാക്കുന്നതിനു കൂട്ടതൽ മില്ലുകൾ സ്ഥാപിക്കുന്ന പക്ഷം അവയുടെ വിലയ്ക്കും ലാഭത്തിനും സാരമായ ഇടിവു പററുന്നതാണ്. ഇത് ഒരു വ്യാവസായിക അത്യാഹിതത്തിനു തുല്യവുമാണത്രേ! ശൈശവസ്ഥിതിയിലുള്ള ഒരു വ്യവസായത്തിൽ, അല്ലെങ്കിൽ വ്യവസായപരമായി നോക്കുമ്പോൾ ശൈശവാവസ്ഥയിൽ ഇരിക്കുന്ന ഒരു രാജ്യത്തിൽ വിദേശീയ മത്സരത്തെയാണ് വളരെ സൂക്ഷിക്കേണ്ടത്. ഒരു വ്യവസായത്തിൻെറ അഭിവൃദ്ധിയെ ഭീഷണിപ്പെടുത്തുന്ന മട്ടിൽ ആ നാട്ടിനുള്ളിൽ തന്നെ ആ വ്യവസായം അനിയന്ത്രിതമായി വദ്ധിക്കുന്നതിനെ പണം മുടക്കിയിട്ടുള്ള സകലപേരും, ഗവമ്മെൻറും തടയേണ്ടതാണ്.

ഈ സ്ഥിതിഗതികളിൽനിന്നും ഇന്ത്യയിലെ പേപ്പർ വ്യവസായത്തിന് അഭിവൃദ്ധികരമായ ഒരു ഭാവിയുണ്ടെന്നു നമുക്ക് മനസ്സിലാക്കാം. ഇന്ത്യയിൽ പേപ്പർ നിമ്മിക്കുന്നതിലും, അതിനെ വിററഴിക്കുന്നതിലുമുള്ള വൈഷമ്യങ്ങളെപ്പററി ഏതാണ്ടു ഗണനീയമായ പരിജ്ഞാനം കഴിഞ്ഞ പല വർഷങ്ങൾക്കകം സിദ്ധിച്ചിട്ടുണ്ട്. ഇതു രണ്ടും തുല്യപ്രാധാന്യമർഹിക്കുന്ന സംഗതികളാണ്. ഇൻഡ്യൻ താൽപര്യങ്ങളെ പരിഗണിച്ചു ഇതിനുള്ളിലുള്ള കേന്ദ്രങ്ങൾ മുഖേനമാത്രമേ ഈ വ്യവസായത്തെ വദ്ധിപ്പിക്കാവൂ. അല്ലാതെ കഴിഞ്ഞ ശതാബ്ദത്തിൽ ബ്രിട്ടനിലും മററു രാജ്യങ്ങളിലും ഉണ്ടായതുപോലെ അനിയന്ത്രിതമായ വളച്ച്യ്ക്ക് ഇടകൊടുക്കുന്ന പക്ഷം അതിൻെറ അനന്തരഫലങ്ങളായിപണം മുടക്കിയവക്കു നഷ്ടമുണ്ടാവുകയും, നിമ്മാതാവിനു മാക്കററു കൈവിട്ടുപോകയും വ്യവസായത്തിനുള്ള സ്ഥാനമഹത്വം നശിക്കുകയും ചെയ്യുന്നതാണ്. കാലേക്കൂട്ടി നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളിൽക്കൂടി പ്രവത്തിച്ചു വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സൌകര്യം ഇൻഡ്യക്കുണ്ട്. വ്യാവസായികഭാരതത്തിൻെറ അസ്ഥിഭാരത്തെ ചലിപ്പിക്കുന്ന മററു വിഭാഗങ്ങളുടെ അസൂയയെ അവഗണിച്ച് സ്വന്തതാൽപര്യങ്ങളനുസരിച്ചു പുരോഗമിക്കുന്നതിന് ഇൻഡ്യയ്ക്കു സാധിക്കുന്നതാണ്.

തേൻ.

(പറവൂർ കെ. ഗോപാലപിള്ള)

ത്രിദോഷസിദ്ധാന്തത്തെ അസ്പദീകരിച്ചു് വളൎന്നിട്ടുള്ള ആയുർവേദത്തിൽ വാതരോഗത്തിന് തൈലവും, പിത്തസംബന്ധിയായ രോഗത്തിന് നെയ്യും, കഫോദ്ബന്ധമായിട്ടുള്ള രോഗത്തിന് തേനും പ്രധാന ഔഷധങ്ങളായി നിശ്ചയിച്ചിരിക്കുന്നു. പ്രകൃതിയിൽനിന്നും കിട്ടുന്ന ഒരു ഭക്ഷണത്തിന്റെ നിലയിലും മധുരപദാൎത്ഥത്തിന്റെ നിലയിലും ഔഷധത്തിന്റെ നിലയിലും തേൻ അദ്വിതീയമാകുന്നു എന്നുള്ളതിനു സംശയമില്ല. ആയുൎവേദാചാൎയ്യന്മാർ എട്ടുപ്രകാരത്തിലുള്ള തേനിനെക്കുറിച്ചു വിവരിച്ചുകാണുന്നുണ്ടു്. മാക്ഷികം, ഭ്രാമരം, ക്ഷൌദ്രം, പൌത്തികം, ഛാത്രം, ആൎഘ്യം, ഔദ്ദാളകം, ദാളം എന്നെല്ലാമാണ് അവയുടെ പേരുകൾ.

"മധുമക്ഷിക" എന്നു പേരുള്ള സാധാരണ തേനീച്ചകൾ സംഭരിക്കുന്ന തേനാണ് "മാക്ഷികം" എന്നുള്ള ഗണത്തിൽ ഉൾപ്പെടുന്നതു്. "ഭ്രമരം" എന്നു പേരുള്ളതും കറുത്തതും വലിപ്പമുള്ളതുമായ ഒരുതരം വണ്ടുകൾ ശേഖരിക്കുന്ന തേനിന് "ഭ്രാമരം" എന്നു പേർ പറയപ്പെടുന്നു. കഫരോഗത്തിലും കഫോദ്ബന്ധമായ കാസം, ജ്വരം, ക്ഷയം, മേഹം മുതലായ രോഗങ്ങളിലും വിധിച്ചിട്ടുള്ളതു് ഈമാതിരി തേനാണ്. ഏററവും ചെറിയതും എണ്ണയുടെ നിറമുള്ളതുമായ ഒരുതരം ഈച്ചകൾ ഉരുക്കൂട്ടിവെയ്ക്കുന്ന തേനിന് "ക്ഷൌദ്രം" എന്നു പേരു പ്രസിദ്ധമായിരിക്കുന്നു. ഇതു് അധികവും കണ്ണിലേക്കു പ്രയോഗിക്കുവാൻ ശ്രേഷ്ഠമെന്നാണ് വിധി. "മാക്ഷികം" എന്നു പേരായ മധു വിലയുള്ള ഘടകങ്ങൾ എല്ലാംതന്നെ ഇതിലും ഉണ്ടു്. "പുത്തിക" എന്നു പേരുള്ളതും ഏതാണ്ടു് ഈയാൻപാററയുടെ ഛായയുള്ളതുമായ ഒരുതരം ഈച്ച സംഭരിക്കുന്ന തേൻ "പൌത്തികം" എന്ന പേരിനെ അൎഹിക്കുന്നു. ഈമാതിരി തേനീച്ചകൾ പാറക്കെട്ടുകളുടെയിടയിലും ഭൂമിയിൽ പുററുകളുടെ അരികിലും ആണു സാധാരണ കൂട്ടുകെട്ടി വരുന്നതു്. ഛത്രം അഥവാ കുടയുടെ ആകൃതിയിൽ വൃക്ഷങ്ങളുടെ കൊമ്പിൽ കൂട്ടുകൂട്ടുന്ന ഒരു വൎഗ്ഗം തേനീച്ചകൾ ഉണ്ടു്. ഈ കൂട്ടിൽനിന്നും എടുക്കുന്ന തേനിന് "ഛാത്രം" എന്നു പറയുന്നു. ഈ തേനീച്ചകളുടെ നിറം മഞ്ഞയാണ്. ഈ മാതിരി കൂട്ടുകളിൽ മററു തേനീച്ചകളുടെ കൂട്ടുകളെ അപേക്ഷിച്ചു് വള

റെ കുറവായിട്ടേ തേൻ കാണുകയൊള്ളൂ. എന്നാൽ അതിശയകരമായ ഗുണം ഇതിനുണ്ടെന്താനും. ക്രിമി, പ്രദരം, മേഹം, ഉഷ്ണപ്പുണ്ണ്, മദാത്യയം, വിഷം, അപസ്മാരം, ഈവക രോഗങ്ങൾക്ക് ഇതു ഏററവും പ്രസിദ്ധി യുള്ളതാകുന്നു. അർഘ്യം, എന്നതിന് "വനമധു" എന്നുംകൂടി പേരുണ്ട്. കാരണം ഇതു വലിയ വനങ്ങളിൽമാത്രമേ ഉണ്ടാകൂ. ഭ്രമരത്തിൻെറ ആകൃതിയിലുള്ളതും പീതവർണ്ണമായതും ആയ ഒരുവക തേനീച്ചകളുടെ സംഭരണമാണ് ഈ വർഗ്ഗത്തിൽ വിവരിക്കപ്പെടുന്ന തേൻ. ഇതു ക്ഷൌദ്രമെന്നപോലെ കണ്ണിനു ഏററവും വിശേഷമാണ്. തന്നെയല്ല, മൂലരോഗം, വിഷൂചിക, കാളറ, ശ്വാസം, കാസം, പുണ്ണ്, വ്രണം ഇവകൾക്ക് ഏററവും വിശിഷ്ടമാണ്. "ഔദ്ദാളകം" എന്ന തേൻ ഒരുതരം ചിതലിൻെറ ആകൃതിയിലുള്ള തേനീച്ചകൾ ശേഖരിക്കുന്നതാണ്. ഇതിനു കൈപ്പുരസവും എരുവുരസവും ഉണ്ട്. "ദാളം" എന്നു പറയുന്നതു പുഷ്പങ്ങളിൽനിന്നും എടുക്കുന്ന തേൻ പോലെയുള്ള ഒരുവകയാകുന്നു. ഇതിനു തേനീച്ചയുടെ സമ്പർക്കംകൊണ്ട് ഉണ്ടാകുന്ന ഒരു മാററവും സംഭവിക്കുന്നില്ല. വാഴപ്പൂവിലും മററും കാണുന്ന തേൻതുള്ളികൾ പോലുള്ളവയെ മനുഷ്യർതന്നെ ശേഖരിച്ചു ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇതു അസാദ്ധ്യമോ ദുസ്സാദ്ധ്യമോ ആണെന്നു പ്രത്യക്ഷത്തിൽ കാണാം. ഇതിനു തേൻ എന്നുള്ള പേരല്ല അധികം യോജിക്കുന്നത്. "പുഷ്പരസ"മെന്നോ, "പുഷ്പാസവ"മെന്നോ പേരു വിളിക്കുന്നതു യുക്തമായിരിക്കും. ആമാശയത്തിലുള്ള ദഹനശക്തിയെ ഇതു വർദ്ധിപ്പിക്കും. കഫത്തേയും സ്ത്രീകൾക്കുണ്ടാകുന്ന ഉഷ്ണപ്പുണ്ണുകളേയും ഛർദ്ദിയേയും ഇതു അത്ഭുതകരമായി മാററുകയും ചെയ്യും. മുൻപറഞ്ഞ എട്ടുതരം മധുവർഗ്ഗങ്ങളിൽ ആദ്യത്തെ നാലെണ്ണം മാത്രമേ പ്രചാരത്തിൽ ഇരിക്കുന്നൊള്ളൂ. അതിൽ തന്നെ ആദ്യത്തെ ഗണം—അതായതു്—മാക്ഷികം മാത്രമേ ഔഷധമായി അധികം ഉപയോഗിക്കമാറൊള്ളൂ. തേനീച്ചകളെ വളർത്തുന്ന സമ്പ്രദായം ഏർപ്പെടുന്നതിനു മുൻപു തേൻ മലകളിൽനിന്നും കാടുകളിൽനിന്നും മാത്രമാണ് ശേഖരിച്ചിരുന്നതു്. അപ്പോൾ മുൻപറഞ്ഞ പലജാതി തേനും അതിൽ ഒന്നായി കലർന്നുപോകുന്നു. ആയുർവേദാചാര്യന്മാരുടെയിടയിലും തേനിനെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. അവയിൽ ചിലതു താഴെ ചേർക്കാം. രോഗരത്നകാരൻ ഇങ്ങനെ പറയുന്നു:—

"മാക്ഷികം ഭ്രാമരം ക്ഷൌദ്രം പൌത്തികം ഛാത്രമേവച
അർഘ്യമൌദ്ദാളകം ദാളമിത്യഷ്ടൌ മധുജാതയഃ
മാക്ഷികം തൈലസങ്കാശം ഭ്രാമരം സ്ഫടികോജ്ജ്വലം
ക്ഷൌദ്രം കപിശവർണ്ണം ച പൌത്തികം തൈലസന്നിഭം

ചരാത്രം തൽ പീതകപിലമാഖ്യം ശ്വേതപിശംഗകം
ഔദ്ദാളകം പീതകപിലം നാനാവർണ്ണം തു ദാളകം
മാക്ഷികം മധുകം ശ്രേഷ്ഠം നേത്രാമയഹരം ലഘു
പൌത്തികം ലഘുസംഗ്രാഹി കഫഘ്നം വാതപിത്തകൃൽ
ക്ഷൌദ്രം മാക്ഷികവജ്ജ്ഞേയം വിശേഷാൽ മേഹനാശനം
ഭ്രാമരം രക്തപിത്തഘ്നം മൂത്രം ജാഡ്യകരം ഗുരു".

പ്രകൃതിരഹസ്യങ്ങളെ ചില നിരീക്ഷണപടുക്കൾ ഇദാനീന്തനകാലത്തു് കണ്ടെത്തിയതിൻെറ ഫലമായി തേനിനെക്കുറിച്ചു് പല പുതിയ ജ്ഞാനങ്ങളും നമുക്കു ലഭിക്കുന്നുണ്ടു്. അമേരിക്കയിലെ ഒരു പ്രകൃതിനിരീക്ഷണവിദഗ്ദ്ധനായ "വിൻറൈററ്ഇവാൻ" (Wain Wright Evan) പറയുന്നതു് തേനിൻെറ കഥ ഇനിയും രഹസ്യപരിപൂർണ്ണമായിരിക്കുന്നുവെന്നും അറിഞ്ഞതിനേക്കാൾ കൂടുതൽ അതിനെക്കുറിച്ചു അറിയാൻ കിടക്കുന്നു എന്നും മററുമാണു്. തേനീച്ചക്കൂട്ടുകളിലുള്ള തേനറകളിൽ കാണുന്ന ദ്രവവസ്തുക്കൾ എല്ലാം തേനല്ല. അതിൽ ചില അറകളിൽ കാണുന്നതു് ശുദ്ധജലത്തിൽ ചില സാധനങ്ങൾ ചേർത്തതു പോലെയുള്ള ഒരുമാതിരി ദ്രവമാണു്. പഞ്ചസാരയും ലോഹാംശങ്ങളും ജീവനീയവസ്തുക്കളും (Vitamins) അതിൽ അടങ്ങീട്ടുണ്ടു്. ഈ ദ്രവം എങ്ങിനെ ഉണ്ടാകുന്നുവെന്നു് ഇതുവരെയും തീർച്ചപ്പെട്ടിട്ടില്ല. തേനീച്ചവ്യവസായത്തിൽ വിദഗ്ദ്ധന്മാരായ ചിലർ പറയുന്നതു് ഈ ജലം തേനിൽ നിന്നും തേനീച്ച നീക്കിക്കളഞ്ഞ പുഷ്പാസവത്തിലെ ജലംതന്നെയാണു് തേനീച്ചകൾ അതിൻെറ കൂട്ടിൽ നിന്നും വെളിയിൽ പറന്നുപോകുമ്പോൾ വാററിയ വെള്ളംപോലെ വർണ്ണരഹിതമായ ഒരു മാതിരി ജലത്തെ അതു അതിൻെറ കാലുകളിൽകൂടി വെളിയിലേക്കു തള്ളുന്നുവത്രേ. ഇതു മുൻപറഞ്ഞ ജലംതന്നെ ആയിരിക്കണമെന്നു മിക്കവാറും തീർച്ചപ്പെട്ടത്തീട്ടുണ്ടു്.

ഇതിൻെറ വാസ്തവം എങ്ങനെ ഇരുന്നാലും തേനീച്ചകൾ പുഷ്പങ്ങളിൽനിന്നും എടുക്കുന്ന ആസവത്തിൽ ചില രാസയോഗങ്ങൾ വരുത്തി, അതു തേനാക്കിയിട്ടാണു് നമുക്കു ലഭിക്കുന്നതു്. വാഴപ്പൂ മുതലായ അപൂർവ്വം ചില പുഷ്പങ്ങളിൽ തുള്ളിയായും വ്യക്തമായും കാണുന്ന ഒരുതരം മധുരമുള്ള പുഷ്പാസവത്തെ തേൻ എന്നു പറയാവുന്നതല്ല. ഈ മാതിരി പുഷ്പാസവം തേനീച്ചകൾ ശേഖരിച്ചു് അതിൻെറ കൂട്ടിൽ "കൊണ്ടുപോയി നിക്ഷേപിച്ചു ചിറകുകൊണ്ടുവീശി അതിലെ ജലാംശങ്ങളെ പരിപൂർണ്ണമായി നശിപ്പിക്കും. ഈ സമയത്താണു് തേനീച്ചക്കൂട്ടിൽനിന്നും മനുഷ്യർ തേൻ ശേഖരിക്കുന്നതെങ്കിൽ അതു ഒരിക്കലും പുളിച്ചുപോകാത്തതും പരിശുദ്ധമായതും ആയ തേനായിരിക്കും. തേൻശേഖരിക്കുന്ന

വക്ക് ലഭിക്കുന്ന തേൻ എല്ലാം ഈവിധം ജലസമ്പക്കരഹിതമായിട്ടുള്ള തല്ലാത്തതിനാലാണ് തേൻ കാച്ചി അതിലെ ജലാംശം നീക്കിക്കളയു ന്നത്. തേൻ ഒരിക്കലും തീയിൽവെച്ചു ചൂടുപിടിപ്പിക്കരുത്. തേനിലെ ജലാംശത്തെ നീക്കുന്നതിനു നല്ലമാൎഗ്ഗം വെയിലത്തുവയ്ക്കുകയാകുന്നു. ശുദ്ധ മായ തേൻ കാലപ്പഴക്കംകൊണ്ടു് പൊടിഞ്ഞു് പഞ്ചസാരപോലെയാകും. ഇതിനു "തേൻശക്കര" എന്നു പേരുണ്ടു്.

മനുഷ്യശരീരത്തിൽ തേനിൻെറ പ്രവൎത്തനത്തെക്കുറിച്ചുള്ള പാശ്ചാ ത്ത്യാഭിപ്രായം താഴെക്കുറിക്കുംവിധമാണ്:— പുതിയതേൻ (Demulcent) ദേഹമാർദ്ദവപരവും (Laxative) വിരേചനകരവുമാകുന്നു. ഒരു കൊല്ല ത്തിൽ അധികംപഴക്കം ചെന്ന തേൻ (Artringent) സങ്കോചനീയവും ദേഹമാർദ്ദവകരവും ആകുന്നു. അതു കാസഹരവും അന്ത്രശുദ്ധീകരണ വും വാജീകരണവും ആണ്. ന്യൂനാധികമാകാത്ത മാത്രയിൽ തേൻ ഉപ യോഗിച്ചാൽ അതു ദീപനശക്തിയെ വൎദ്ധിപ്പിക്കുന്നതും ആമാശയത്തി ൻെറയും പക്വാശയത്തിൻെറയും കേടുകളെ പരിഹരിക്കുന്നതുമാകുന്നു. ഹൃദയത്തിൻെറ ദൌർബല്യത്തെ തേൻനിശ്ശേഷം നശിപ്പിക്കും. മാംസ പേശികൾക്കു മുറുക്കത്തേയും ബലത്തേയും കൊടുക്കും. ശരീരത്തിൽ അ നാവശ്യമായ കഫത്തെ നിശ്ശേഷം വെളിയിൽ തള്ളും. രസാദിധാതു ക്കളുടെ പ്രവൎത്തനത്തെ ശക്തിയായി സഹായിക്കുന്ന ഒരു ഘടകമാണ്. തേനിലുള്ള ചുണ്ണാമ്പ് (Lime) ഇതു സ്ത്രീകൾക്ക് മുലപ്പാലിനെ ശുദ്ധീ കരിക്കുകയും, വൎദ്ധിപ്പിക്കുകയും ചെയ്യും. നിദ്രാനാശംകൊണ്ടു് ക്ഷീണി ച്ചവൎക്ക് തണുത്ത ജലത്തിൽ തേൻ ചേൎത്തു, കിടക്കുന്നതിനു അല്പംമുമ്പേ കഴിക്കുന്നതു ഏററവും വിശേഷമാണ്. നാഴി ശുദ്ധജലത്തിൽ രണ്ടോ, മൂന്നോ ടിസ്പൂൺ തേൻ ചേൎത്തു കഴിക്കുന്നതു ഇതിൻെറ മിതമായ മാത്ര യാണ്.

സ്വല്പംതേൻ കൊടുത്താൽ ശിശുക്കൾ ഉടനെ നിദ്രാധീനരാകും. ഇതുകൊണ്ടു് അവൎക്കു വിശേഷിച്ചു് ഒരു കെടുതലും ഉണ്ടാകുന്നതല്ല. പ്ര സ്തുത ശിശുക്കളുടെ എല്ലിനു ബലമുണ്ടാകുകയും മൂത്രത്തിൻെറ പ്രവൎത്തന ത്തെ സഹായിക്കുകയും ചെയ്യും.

തേനിൻെറ അത്ഭുതശക്തികളെ കുറിച്ചു് ഇനിയും പലതും അറിയാ നായിരിക്കുന്നുവെന്നാണ് പാശ്ചാത്യപൎയ്യാന്വേഷകന്മാർ പറയുന്നത്. ഇൻഡ്യയിൽ അതിനെക്കുറിച്ചുള്ള ജ്ഞാനം ഏതാണ്ടു് പരിപൂൎണ്ണമായിത്ത ന്നെയിരിക്കുന്നുവെന്നു പറയാം. ഇപ്പോൾ തേനീച്ചവ്യവസായം അത്യ ധികം നടക്കുന്നതു് അമേരിക്കാരാജ്യത്താണ്. അമേരിക്കയിൽ തേനി ൻെറ ആവിഷ്കരണത്തെക്കുറിക്കുന്ന ചരിത്രംതന്നെ ഒന്നുവേറെയുണ്ടു്.

അമേരിക്കയിൽ കുടികയറിപ്പാർത്ത യൂറോപ്യൻ ജനസമുദായമാണ് തേനീച്ചയെ അവിടെ ആദ്യംകൊണ്ടുപോയതു്. ൧൮൩൨-ാമതു്വർഷം ആയപ്പോഴേയ്ക്കും അമേരിക്ക തേനീച്ചകളെക്കൊണ്ടു് നിറഞ്ഞുവെന്നു് വാഷിംഗ്ടൻഇർവിംഗ് (Washington Irving) എന്ന എഴുത്തുകാരൻ പറയുന്നു. അമേരിക്കൻ ഇൻഡ്യൻസ് തേനീച്ചകളെ വിളിക്കുന്നതു് സായ്പിൻെറ ഈച്ച എന്നാണു്. തേനിനെക്കുറിച്ചു് വാഗ്ഭടകൻെറ അഭിപ്രായം ഏററവും ശ്രദ്ധേയമായിട്ടുള്ളതാകുന്നു.

“ചക്ഷുഷ്യം ഛേദിതൃൾശ്ലേഷ്മ
വിഷഹിധ്മാസ്രപിത്തനൽ
കുഷ്ഠമേഹകൃമിച്ഛർദ്ദി
ശ്വാസകാസാതിസാരജിൽ
വ്രണശോധനസന്ധാന
രോപണം വാതളം മധു-
രൂക്ഷംകഷായമധുരം.........”

തേൻ അഞ്ജനം ആശ്ച്യോതനം മുതലായ പ്രകാരത്തിൽ കണ്ണിൽപ്രയോഗിക്കുന്നതു എല്ലാ നയനവ്യാധിയേയും ശമിപ്പിക്കുന്നതാകുന്നു. ചക്ഷുസ്സ് തേജോമയമായ ഒരു അവയവമാണല്ലോ. അതിനു ശ്ലേഷ്മത്തിൽ നിന്നമാണു് രോഗം ഉണ്ടാകുന്നതു്. തേൻ ശ്ലേഷ്മത്തെ നശിപ്പിക്കുന്നതിൽ അഗ്രസ്ഥാനത്തെ അർഹിക്കുന്നു. എന്നാൽ ഇപ്പോൾ ബങ്കാളത്തിലെ കവിരാജന്മാർ താമരപ്പൊയ്കകളിൽ വലയിട്ടു് അവയിൽ തേനീച്ചകളെ വളർത്തി താമരയിൽനിന്നു് മാത്രമായി തേനീച്ചകളെക്കൊണ്ടു് തേൻസമ്പാദിപ്പിച്ചിട്ടു എടുത്തു കണ്ണിലേക്കു് ഉപയോഗിച്ചുവരുന്നു. ഇതാണു് പ്രസിദ്ധപ്പെട്ട “പത്മമധു.”

തേൻ തീക്ഷ്ണമാണു്. അതിനാൽ ബാഹ്യാഭ്യന്തരോപചാരംകൊണ്ടു ശരീരത്തിൽ ഒരു ദിക്കിൽ സഞ്ചയിച്ചു് കിടക്കുന്ന ദുർമ്മാംസം മുതലായതുകളെഛേദിച്ചുകളയും. ദാഹം, കഫം, വിഷം, എക്കിൾ, രക്തപിത്തം, കുഷ്ഠം, പ്രമേഹം, കൃമി, ഛർദ്ദി, ശ്വാസം, കാസം, അതിസാരം ഇവകളെ പ്രായേണ ശമിപ്പിക്കും. വ്രണത്തിലുള്ള ചലം, പഴുപ്പു് മുതലായവ അതു് ശുദ്ധമാക്കും. വ്രണത്തിൻെറ വക്കുകളെ തമ്മിൽ കൂട്ടിപ്പിടിപ്പിക്കും. ഉണക്കുകയുംചെയ്യും. എന്നാൽ ഇവിടെ ഒരു സംഗതികൂടെ പറയേണ്ടതുണ്ടു്. ദേഹത്തിൽ എവിടെഎങ്കിലും തീ വീണുപൊള്ളിയാൽ ഉടൻ ശുദ്ധമായ തേൻ പകരുന്നുവെങ്കിൽ ഒരിക്കലും കുമളകുത്തുകയില്ല; പഴുക്കുകയുമില്ല; പൊള്ളിയതിനാലുമുണ്ടായ വേദനയും പെട്ടെന്നുശമിക്കും. അകത്തേക്കു

തേൻ കഴിച്ചാൽ ദേഹം ചടക്കും. പകുതിജലവും പകുതിതേനുമായി പതിവായി പാനം ചെയ്താൽ അതിസ്ഥൂലന്മാർ ചടച്ചുവരും. രൂക്ഷഗുണവും, ചവൎപ്പ് അനുരസവും ഇതിനുണ്ട്.

തേൻ ചൂടോടുകൂടിയും, ചൂടുള്ള കാലത്തും, ചൂടുള്ളദേഹത്തിലും ചൂടുള്ള പദാൎത്ഥങ്ങളോടു ചേൎത്തും ഭക്ഷണസാധനമാക്കി ഉപയോഗിക്കരുത്. തേനും നെയ്യും തുല്യഅളവിൽചേൎത്തു ഭക്ഷിക്കുന്നത് വിരുദ്ധമാകുന്നു. തേൻ അഗ്നിയിൽ പചിപ്പിക്കുന്നതുകൊണ്ട് അതിൽ അടങ്ങിയിട്ടുള്ള "വിററാമിൻ" നശിച്ചുപോകാൻ എളുപ്പമുണ്ട്. അതിനാൽ തേനിലെ ജലാംശം നീക്കംചെയ്യേണ്ടിവരുമ്പോൾ വെയിലത്തുവെയ്ക്കുകയാണ് ഉത്തമമായിട്ടുള്ളത്. എന്നു മുൻപു പറഞ്ഞുവല്ലോ. ഈ അഭിപ്രായത്തിൽ ആയുൎവ്വേദാചാൎയ്യന്മാരുടെ ഇടയിൽ പക്ഷാന്തരംകാണുന്നു. യോഗരത്നകാരൻ മധുപാകവിധി പറഞ്ഞിരിക്കുന്നിടത്തു ഇങ്ങനെ കാണുന്നു:—

"പ്രസ്ഥം ച മധുനഃ ക്ഷീരം
ഗവാം ച കുഡബദ്വയം
നിശാഭയോരാജ്ഞോ ദദ്യാൽ
പ്രത്യേകം ച പലം പലം
മധ്വവസാനം വിപചേൽ
മധുപാകേ ത്വയം വിധിഃ"

അതായത് ഇടങ്ങഴി തേനിൽ ഇരുന്നാഴി പശുവിൻപാലും ഓരോ പലം മഞ്ഞപ്പൊടിയും കടുക്കപ്പൊടിയുംചേൎത്തു തേൻ ശേഷിക്കുന്നതുവരെ പചിക്കണമെന്നത്രേ മേൽ എഴുതിയതിൻെറ താല്പൎയ്യം. ആതപത്തിലോ അഗ്നിയിലോ പാകംചെയ്യേണ്ടതെന്നു പ്രത്യേകം എടുത്തു പറഞ്ഞിട്ടും ഇല്ല.

ഇനി തേനിൻെറ ചില വിശിഷ്ടഗുണങ്ങളെക്കുറിച്ച് ആൎയ്യന്മാർ നിൎദ്ദേശിച്ചിട്ടുള്ളത് എന്താണെന്നു നോക്കാം.

"ക്ഷയേ മാക്ഷികമുദ്ദിഷ്ടം
ഭ്രാമരം രക്തപിത്തിനൽ
ക്ഷൌദ്രം മേഹഹരം പ്രാഹുഃ
വ്രണേ പൌത്തികമുത്തമം
ഛാത്രം സൎവ്വത്ര ശസ്യംസ്യാ
ദാൎഢ്യം ചക്ഷുഷമുത്തമം
ഔദ്ദാളകം കുഷ്ഠഹരം
രുചികൃദ്ദാളമീരിതം
ഏതേ വിശിഷ്ടാഃ കഥിതാ
മധുനോ മുനിഭിൎഗ്ഗുണാഃ"

ക്ഷയരോഗികൾക്ക് മാക്ഷികമധുവാണ് വിധിച്ചിരിക്കുന്നത്. ഭ്രാമരം രക്തപിത്തരോഗങ്ങളിൽ ഏററവും പ്രയോജനമാകുന്നു. ക്ഷൌദ്രംപ്രമേഹത്തെ വിശേഷേണ ശമിപ്പിക്കും. വ്രണകൎമ്മങ്ങളിൽ പൌത്തികമധു ഉപയോഗിക്കുന്നത് ശ്രേഷ്ഠം. എന്നാൽ ഛാത്രം എല്ലാരോഗങ്ങളിലും ഉപയോഗിക്കാം. കണ്ണിലേയ്ക്കുപ്രയോഗിക്കുമ്പോൾ "അൎഘ്യം" എന്ന ഇനത്തിൽപെട്ട തേൻ തിരഞ്ഞെടുക്കുന്നതുകൊള്ളാം. ഔദ്ദാളകം കുഷ്ഠത്തെ നശിപ്പിക്കുന്നതാണ്. ദാളം എന്നതു രുചികരമാണ്. അതിനാൽ മുൻപറഞ്ഞ എട്ടുതരം തേനീച്ചകളെ പ്രത്യേകം വളൎത്തി അവയിൽനിന്നും കിട്ടുന്നതേൻ പ്രത്യേകം ശേഖരിച്ചാൽ അതുവൈദ്യലോകത്തിനു വലിയ അനുഗ്രഹമായിരിക്കും. തേനിനു പദാൎത്ഥങ്ങളെ കേടുകൂടാതെ വളരെക്കാലം വെച്ചിരിക്കാനുള്ള ശക്തിയുണ്ട്. ദീൎഘകാലം വെച്ചിരിക്കേണ്ട ഔഷധങ്ങളോ ഭക്ഷണപദാൎത്ഥങ്ങളോ തേനിൽ നിക്ഷേപിക്കുന്നതു ഉദ്ദേശിച്ചാണ് തേൻ ഉൗറൽകളഞ്ഞ ഇഞ്ചിനീരു്, ചെറുനാരങ്ങനീരു് ഇവ തുല്യഅളവിൽ എടുത്തു അതിൽ തൃപ്പലി നാഴിക്ക് ഒരുതോലാ തൂക്കംവീതംചേൎത്ത് ആസവംകെട്ടിവെയ്ക്കുന്നതുപോലെ ഒരു മാസം വെച്ചിരുന്നതിനുശേഷം എടുത്തു യുക്തമായമാത്രയിൽ ഉപയോഗിച്ചുകൊണ്ടിരുന്നാൽ കഫോല്ബണമായ എല്ലാവ്യാധികളേയും അതു ശമിപ്പിക്കും. കാസം, ശ്വാസം, ക്ഷയം, പ്ലീഹാമയം, വില്ലൻചുമ, അഗ്നിമാന്ദ്യം ഈ രോഗങ്ങളിലും ക്ഷയത്തിലും ഇതു് കൈകണ്ടമരുന്നാണ്. "മധുശുക്തം" എന്നു വിളിക്കപ്പെടുന്ന ഇതിനെയാണ് ചുരുക്കിപ്പറഞ്ഞാൽ യുക്തിയായി ഉപയോഗിക്കുന്നപക്ഷം തേനും പാലുംമാത്രം ഉപയോഗിച്ചു് പല കഠിന വ്യാധികളും ശമിപ്പിക്കാവുന്നതാണ്.

വളം.

(സി. എൻ. എ രാമയ്യാശാസ്ത്രി എം. എ.)

കൃഷിയിൽ വളത്തിനു ദ്രാവിഡർ കല്പിച്ചിരുന്ന പ്രാധാന്യം അപദം കൊണ്ടുതന്നെ വിശദമാകുന്നു. വൎദ്ധന എന്നാണ് വളത്തിനു ധാത്വൎത്ഥം. നീർവളം, നിലവളം, വളംചുരക്കുക, വള്ളൽ,വള്ളുവൻ, വളരുക,വളയുക, വള്ളി,വള്ളം എന്നിവയെല്ലാം ധാത്വൎത്ഥത്തെ സൂചിപ്പിക്കുന്നു. ഇവയിൽ ചിലതുമലയാളത്തിൽപ്രായോഗമില്ലാതിരിക്കുന്നു. വളയുക(തമിഴിൽ വളൈതൽ) വള(തമിഴിൽ വളൈ) എന്ന പദങ്ങളിൽനിന്നു A straight line is the shortest distance from one point to another എന്ന

തത്വം സൂചിതമായിരിക്കുന്നതു് ആശ്ചൎയ്യകരമായിരിക്കുന്നു. ഇംഗ്ലീഷിൽ (manure)എന്നപദം കരംകൊണ്ടുള്ള പ്രവൎത്തനം എന്നൎത്ഥമുള്ളതായി ലത്തീനിൽനിന്നു ഫ്രെഞ്ചിൽ ഉണ്ടായ പദത്തിൽനിന്നുത്ഭവിച്ചിരിക്കുന്നു. കൈകൊണ്ടു ചെയ്യാവുന്നതായി അസംഖ്യം പ്രവൃത്തികൾ ഉണ്ടായിരിക്കേ ഈ ആശായത്തിന്നു് ഈ പദം വന്നതു വളമിടുന്നതിൻെറ ഗുണം ഇംഗ്ലീഷുകാർന്നന്നായി മനസ്സിലാക്കിയിട്ടുണ്ടെന്നു കാണിക്കുന്നു.

എള്ളു വിതച്ചിട്ടു പൂക്കുമ്പോൾ ആ കൃഷി മുഴുവൻ വളത്തിനായി മണ്ണോടു ചേൎക്കണമെന്നു് ഒരു സംസ്കൃതശ്ലോകം കാണുന്നു. വളത്തിനായി മുക്തഹസ്തം പ്രവൎത്തിക്കണമെന്നു് ഇതുകൊണ്ടു തെളിയുന്നു. ദ്രാവിഡധാതുവായ എൾ എന്നതിൽനിന്നു് എള്ളുണ്ടായതു് എള്ളു് ഏററവും ചെറിയ ധാന്യമായതുകൊണ്ടാണു്. "കടുകിൻമണി മാത്രമുള്ളോരു പരദോഷം ഉടനെ കാണുന്നില്ലേ. തന്നുടെ ദോഷംപിന്നെ കണ്ടാലും ഗജമാത്രം കാണുന്നീലേതുമതും പണ്ഡിതന്മാൎക്കുപോലുമുള്ളോരു ദോഷമത്രേ" എന്നതിൽ എള്ളിനെ വിട്ടു കടുകിനെ എടുത്തതു് "ധാന്യം"തന്നെ പ്രസ്താവിച്ചിട്ടാവശ്യമില്ലാത്തതുകൊണ്ടാണു്. എള്ളു് എന്നു തിലത്തിനു പേരു വന്നപ്പോൾ ധാന്യങ്ങളിൽവെച്ചു് അതു് ചെറുതു് എന്ന ആശയമാണു് വസ്തുക്കളിൽവെച്ചു ചെറുതു് എന്ന ആശയത്തെക്കാൾ പ്രകാശിച്ചതു്. ധാന്യങ്ങളുടെ ആകൃതിതാരതമ്യം എന്നുള്ള ആശയംതന്നെ ധാന്യവിഷയത്തിലും കൃഷിയിലും നമ്മുടെ പൂൎവ്വികൎക്കുണ്ടായിരുന്ന അഭിനിവേശത്തെ വെളിപ്പെടുത്തുന്നു. വാസ്തവത്തിൽ ധാന്യശബ്ദംതന്നെ ധാന്യമായിക്കരുതുന്ന വസ്തുക്കളുടെ അതിപ്രധാനമായ നിലയെ "അണിയറയിൽനിന്നു്" ഉൽഘോഷിക്കുന്നുണ്ടു്. ധനംപോലെ വൎത്തിക്കുന്നതു ധാന്യം എന്നാണു് വ്യുൽപ്പത്തി പറയേണ്ടതു്. "ഭൂവിവന്നു ജനിക്കുന്ന മനുജൎക്കുത്രയും മോദം ഭവിപ്പാനുള്ള വസ്തുക്കൾ പലതുണ്ടെങ്കിലും നല്ല" നവധാന്യങ്ങളെപ്പോലെ ധനതുല്യതയുള്ളവ ഒന്നുമില്ലെന്നു ഭാവം. അവയിൽ നെല്ലിനു ധാന്യത്വം കൂടുതലായി ഉണ്ടായതു[ചോറുതന്നെയുണ്ടല്ലോ; പിന്നെയെന്തിനോക്കൂട്ടാൻ എന്ന പരിഹാസത്തിനൊപ്പിച്ചാണു് ചോറു മാത്രമായാൽ "ചോറുപിത്തം കഞ്ഞി കാമല" എന്നുമുണ്ടല്ലോ.

വാൎത്തകളും കുറിപ്പുകളും.

കൊച്ചിയിലെ കൃഷിഡിപ്പാർട്ടുമെൻറ്.

കൊച്ചി കൃഷിഡിപ്പാർട്ടുമെൻറുവക ൧൧൦-ലെ പ്രവൎത്തനം സാമാന്യം തൃപ്തികരമായനിലയിൽ നിൎവ്വഹിക്കപ്പെട്ടിട്ടുണ്ടെന്ന് ആ വകുപ്പിന്റെ പ്രസ്തുതവർഷത്തെ ഭരണറിപ്പോർട്ടു വായിച്ചുനോക്കിയാൽ കാണാവുന്നതാണ്. ഡിപ്പാർട്ടുമെൻറു നേരിട്ടുനടത്തുന്നതായ സ്ഥിരം മാതൃകാതോട്ടങ്ങളുടെ ക്രമോൽക്കർഷപരമായ പരിപാലനത്തിനുപുറമെ, ഗവേഷണം, രോഗനിവാരണം, പ്രചരണവേല എന്നീ വിഷയങ്ങളിലും അധികൃതന്മാരുടെ ശ്രദ്ധപതിഞ്ഞിട്ടുണ്ടെന്നു കാണുന്നതു് സന്തോഷാവഹമാണ്. ഈ വകുപ്പിന്റെ പ്രവൎത്തനത്തിൽ നാട്ടിനും നാട്ടാൎക്കും അധികമായി പ്രയോജകീഭവിക്കുന്നതു പ്രചരണവേലകൊണ്ടാണല്ലൊ. ഓരോ താലൂക്കിലും സ്വകാൎയ്യകൃഷിക്കാരെക്കൊണ്ട് പരിഷ്കൃതരീതിയിൽ കൃഷിചെയ്യിച്ചും, വിദഗ്ദ്ധോപദേശം നൽകിയും, ലഘുപത്രികകൾ പ്രസിദ്ധപ്പെടുത്തിയും പൊതുജനങ്ങളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എന്നാൽ യാഥാസ്ഥിതികന്മാരായ അവിടത്തെ കർഷകർ പരിഷ്കൃതരീതികൾ സ്വീകരിക്കണമെങ്കിൽ കൂടുതൽ ആദായം ലഭിക്കത്തക്കനിലയിൽ പ്രായോഗികമായരീതികൾ എല്ലായിടത്തും, വില്ലേജുകൾതോറും ഏൎപ്പെടുത്തുകതന്നെ വേണം. ഇതിലേക്ക് എത്ര പണം ചെലവാക്കുന്നതായാലും അതു അധികമായിവരുന്നതുമല്ല.

* * * * * * * *

ഗ്രാമീണ പുനസ്സംഘടനാകേന്ദ്രം.

ബങ്കാളിന്റെ തെക്കുവശത്തു "സുന്ദരവന"ത്തിൽ സർ ഡാനീൽഹമിൽടൻ ഒരു ഗ്രാമീണ പുനസ്സംഘടനാകേന്ദ്രസ്ഥാപനം തുടങ്ങിയിരിക്കുന്നു. രണ്ടുകൊല്ലം മുൻപാണ് ഈ കേന്ദ്രാലയം സ്ഥാപിച്ചതു്. ഇതിന്റെ ഉദ്ദേശം, സഹകരണപദ്ധതികളിലും, കൃഷിയിലും നെയ്ത്തിലും മററു ഗ്രാമീണവ്യവസായങ്ങളിലും യുവജനങ്ങളെ പരിചയിപ്പിക്കുക എന്നുള്ളതാണ്. സർ ഡാനീൽ ഇപ്രകാരം പറയുന്നു:--നിർബന്ധവിഷയങ്ങളായ കൃഷിയും നെയ്ത്തും കൂടാതെ യുവജനങ്ങൾക്കു ഇവിടെ ഇംഗ്ലീഷിന്റെയും കണക്കിന്റെയും ഒരു സാമാന്യജ്ഞാനം നൽകുന്നു. ഇതു സൎക്കാർസർവീസിലൊ കച്ചവടസ്ഥാപനങ്ങളിലൊ കഴിവുള്ളജോലികൾക്കു അവരെ നിയമിക്കത്തക്കവണ്ണം അവൎക്കു പ്രാപ്തിയുണ്ടാക്കിക്കൊടുക്കുന്നതാണ്. പരീക്ഷാബിരുദുകളോടുകൂടി പട്ടിണികിടക്കുന്നതിനേക്കാൾ ബിരുദൊന്നുമില്ലാതെ ജീവി

ക്കുന്നതു് അധികം ഉത്തമമാകകൊണ്ടു്, ചെറുപ്പക്കാരെ പട്ടിണികിടക്കാതെ ജീവിക്കുവാൻ പഠിപ്പിക്കുകയാണു് ചുരുക്കത്തിൽ ഇതിന്റെ ഉദ്ദേശം."

* * * * * * * *

പഞ്ചാബിലെ ഭൂപണയ ബാങ്കുകൾ.

ഭൂപണയബാങ്കുകൾ പഞ്ചാബിലാണെല്ലോ ആദ്യമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്. ഇതു് ഉദ്ദേശം ൧൫ കൊല്ലങ്ങൾക്കു് മുൻപാണു്. മററു സംസ്ഥാനങ്ങൾ പഞ്ചാബിന്റെ ഉദാഹരണത്തെ അനുകരിക്കുകയാണുണ്ടായതു്. എന്നാൽ ഈ പന്ഥാവിൽ മാർഗ്ഗദർശിയായ പഞ്ചാബിൽ ഇപ്പോൾ ഇതിന്റെ പുരോഗതി അസ്തമിച്ചിരിക്കുന്നു. പുതിയബാങ്കുകളൊന്നും ഇപ്പോൾ തുടങ്ങുന്നില്ല; പുതിയ വായ്പകൾ നൽകുന്നുമില്ല. പിരിഞ്ഞുകിട്ടാനുള്ള വായ്പകൾ പിരിച്ചെടുക്കാൻ മാത്രമാണു് അവർ ഇപ്പോൾ ശ്രമിക്കുന്നതു്. വായ്പകൾ അനുവദിക്കുന്ന സന്ദർഭത്തിലുള്ള നോട്ടക്കുറവാണു് ഈ പരാജയത്തിനു കാരണമെന്നു് പറയപ്പെടുന്നു. അവിടത്തെ ബാങ്കുകളിലെ ഡയറക്ടർമാൎക്കു വായ്പകൾ അനുവദിക്കുന്നകാൎയ്യത്തിൽ അനിയന്ത്രിതമായ സ്വാതന്ത്ര്യമുണ്ടായിരുന്നു. അവർ ഈ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തി. വായ്പകളുടെ ആവശ്യത്തേയും ഈടിനേയുംപററിയുള്ള ഡയറക്ടറന്മാരുടെ അന്വേഷണങ്ങൾ വിശ്വസനീയങ്ങളായിരുന്നില്ല. ഡയറക്ടരന്മാർ ബാങ്കിന്റെ രക്ഷയേക്കാൾ അധികം സ്വന്തം ബന്ധുക്കളും സ്നേഹിതന്മാരുമായ വായ്പക്കാരുടെ ഗുണത്തെ ലാക്കാക്കി കൃത്രിമങ്ങൾ പ്രവൎത്തിച്ചു. വായ്പസംഖ്യയുടെ തോതു് നിൎണ്ണയിച്ചിരുന്നതും അത്ര പന്തിയായിരുന്നില്ല പണയവസ്തുവിന്റെ നികുതിയുടെ ൩൦ ഇരട്ടിയൊ കൊല്ലത്തിലുള്ള അററാദായത്തിന്റെ ൧൫ ഇരട്ടിയൊ വായ്പ നൽകണമെങ്കിൽ മററു പരിശോധനകളൊന്നും പതിവുണ്ടായിരുന്നില്ല. അതിൽകവിഞ്ഞ സംഖ്യ ആവശ്യപ്പെടുമ്പോൾ മാത്രമേ കൂലങ്കഷമായ പരിശോധനകൾ നടത്തിയിരുന്നുള്ളു. ഇതിനുള്ള പരിശോധകന്മാരാകട്ടെ ഈ വിഷയത്തിൽ യാതൊരുപരിചയവും സിദ്ധിക്കാത്തവരുമായിരുന്നു. ഇതിന്നെല്ലാംപുറമെ സ്ഥാവരവസ്തുവിനുള്ള ഭ്രമം ജനങ്ങളുടെ ഇടയിൽ വൎദ്ധിക്കുകയും മുൻകടം വീട്ടാനെന്നുള്ള വ്യാജേന വായ്പവാങ്ങി വസ്തു തീറുവാങ്ങുകയും ചെയ്തുതുടങ്ങി. വിലയിടിവു വന്നതോടുകൂടി വസ്തുക്കളുടെ ആദായം ചുരുങ്ങി. വായ്പത്തവണകൾ മടക്കി അടയ്ക്കാൻ സാധിക്കാതെ വന്നു. വായ്പകളുടെ കാലാവധി ൧൦ കൊല്ലമെന്നുള്ളതു് ഈ കുഴപ്പത്തെ ഒന്നുകൂടിവൎദ്ധിപ്പിച്ചു. ഇങ്ങനെ ആകപ്പാടെ പഞ്ചാബിലെ ഭൂപണയബാങ്കുകളെല്ലാം അവതാളത്തിലാകുകയും ചെയ്തിരിക്കുന്നു.

g. No. 79.

തിരുവിതാംകൂർ പരസ്പരസഹായമാസിക.

സഹകരണസംബന്ധമായ കേരളത്തിലെ ഒരു ഉത്തമ

മലയാള മാസിക

സഹകരണപ്രാധാന്യമുള്ള ലേഖനങ്ങൾ, പ്രസംഗങ്ങൾ, വാൎത്തകൾ എന്നിവ എല്ലാ ലക്കത്തിലും ഉണ്ടായിരിക്കും. കൃത്യമായി ഓരോ മാസവും രണ്ടാമത്തെ ആഴ്ചയിൽ പുറപ്പെടും.

വരി സംഖ്യ അണ്ടിൽ ൨ ക. മുൻകൂർ.

മാനേജർ,

പ. സ. ഇൻസ്റ്റിററ്യൂട്ടു്, തിരുവനന്തപുരം.

വില കുറച്ചിരിക്കുന്നു.

പരസ്പരസഹായമാസികയുടെ ൩-ം, ൪-ം, ൫-ം, ൬-ം, ൭-ം, ൮-ം വാല്യങ്ങളും, കൃഷി വ്യവസായമാസികയുടെ ൧൧-ം, ൧൨-ം, ൧൩-ം, ൧൪-ം ൧൫-ം വാല്യങ്ങളും വില്പാൻ തയാർ!

സഹകരണം, കൃഷി, വ്യവസായം, വാണിജ്യം മുതലായ സാമുദായിക, സാമ്പത്തികപ്രശ്നങ്ങളെപ്പററി പ്രതിപാദിക്കുന്ന ഒന്നാംതരം ലേഖനങ്ങൾ, വിമർശനങ്ങൾ എന്നിവ അടങ്ങിയിട്ടുള്ള പ്രസ്തുതവാല്യങ്ങളിൽ ഓരോന്നിൻേറയും വില ൨ ബ്രി. രൂപായിൽനിന്നും ൧ ബ്രി. രൂപയായി കുറച്ചിരിക്കുന്നു. ഒററപ്രതിക്കു വില അണ ൨.

ആവശ്യക്കാർ താഴെക്കാണുന്ന മേൽവിലാസത്തിൽ ഉടൻ അപേക്ഷിക്കുവിൻ.

മാനേജർ

൭൭൭-ാംനമ്പർ തിരുവിതാംകൂർ പ. സ. ഇൻസ്റ്റിററ്യൂട്ടു്,
തിരുവനന്തപുരം.

Printed and Published by **K. R. Narayana Pillai,**
Manager, Co-operative Institute Ltd No. 777 at the Reddiar Press, Trivandrum.